KERALA INSTITUTE OF LOCAL ADMINISTRATION (KILA)
Mulamkunnathukavu, Thrissure-680581
https://www.kila.ac.in

K-DISC
Kerala Development and Innovation Strategic Council

KERALA DEVELOPMENT & INNOVATION STRATEGIC COUNCIL
India Heights, Govt. Women's College Road Vazhuthacaud,
Thiruvananthapuram-695014
https://kdisc.kerala.gov.in/


ISBN 978-81-959953-1-8
9 788195 995318

# ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം

# ONE LOCAL GOVERNMENT ONE IDEA

## കൈപ്പുസ്തകം
## HANDBOOK


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
Kerala Institute of Local Administration

K-DISC
Kerala Development and Innovation Strategic Council

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ
സ്ട്രാറ്റജിക് കൗൺസിൽ
Kerala Development and Innovation Strategic Council


നവംബർ 2022
November 2022

# ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം

# ONE LOCAL GOVERNMENT ONE IDEA

## കൈപ്പുസ്തകം
## HANDBOOK


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

**Kerala Institute of Local Administration (KILA)**

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

**Kerala Development and Innovation Strategic Council**

നവംബർ 2022

November 2022

**ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം**

**ചീഫ് എഡിറ്റേഴ്സ്**
ഡോ. പി വി ഉണ്ണികൃഷ്ണൻ, മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില

**എഡിറ്റർമാർ**
ഡോ. കെ രാജേഷ്, സീനിയർ അർബൻ ഫെല്ലോ, കില
ശ്രീ. ബിജു എസ് നാരായൺ, അസ്സോസിയേറ്റ് പ്രൊഫസർ, സി എം ഡി
ഡോ. മോനിഷ് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, കില

**അസിസ്റ്റന്റ് എഡിറ്റർമാർ**
ശ്രീ. ഷൈജു എം, പ്രോഗ്രാം കോർഡിനേറ്റർ, കില
ശ്രീ. വിനീത് കെ, പ്രോഗ്രാം കോർഡിനേറ്റർ, കില

**രചനയിൽ സഹായിച്ചവർ**
ശ്രീ. പി ജയരാജ്
ശ്രീ. എം കെ വാസു
ശ്രീ. സുബാഷ് ചന്ദ്രൻ കെ
ഡോ. ദീപ പി ഗോപിനാഥ്
ഡോ. അശോക് കുമാർ എ
ഡോ. സിനി തോമസ്
ശ്രീ. വിമൽ രവി
ഡോ. കെ ചന്ദ്രശേഖർ
ശ്രീമതി. അക്ഷയ സീത രാജേഷ്
ശ്രീ. അജിത് കുമാർ നാരായണൻ കൃഷ്ണൻ
ശ്രീ. രവി കെ കെ
ശ്രീമതി. തഹ്ഫ താഹ
ശ്രീ. ജിന്റോ സെബാസ്റ്റ്യൻ
ശ്രീ. ജസ്റ്റിൻ ബി
ശ്രീ. സന്ദീപ് പി കെ
ശ്രീ. ഷംസാൻ ടി വി
ശ്രീമതി.രേഷ്മ എ എസ്
ശ്രീ. മിഥുൻ കെ
ശ്രീ. ആൽബിൻ കെ ഡി
ശ്രീമതി. അഖില ഹരിദാസ്
ശ്രീമതി. റെജില പി എം
ശ്രീമതി. നിമിഷ ബാബു
ശ്രീ. വിവേക് രാമചന്ദ്രൻ
ശ്രീമതി. അശ്വതി ഷാജി

**കവർ & ലേഔട്ട്**
ശ്രീ. അഭിരാം കെ ടി കെ

**പ്രസാധനം**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680581
ഫോൺ : +914872207000, 2200244, 2207087 (ഓഫീസ്)
ഇമെയിൽ : info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം

**നവംബർ 2022**

**ONE LOCAL GOVERNMENT ONE IDEA**

**Chief Editors**
Dr. P V Unnikrishnan, Member Secretary, K-DISC
Dr. Joy Elamon, Director General, KILA

**Editors**
Dr. K Rajesh, Senior Urban Fellow, KILA
Mr. Biju S Narayan, Associate Professor, CMD
Dr. Monish Jose, Assistant Professor, KILA

**Assistant Editors**
Mr. Shyju M, Program Coordinator, KILA
Mr. Vineeth K, Program Coordinator, KILA

**Contributors**
Mr. P Jayaraj
Mr. M K Vasu
Mr. Subash Chandran K
Dr. Deepa P Gopinath
Dr. Ashok Kumar A
Dr. Sini Thomas
Mr. Vimal Ravi
Dr. K Chandrasekhar
Smt. Akshaya Seetha Rajesh
Mr. Ajith Kumar Narayanan Krishnan
Mr. Ravi K K
Smt. Thahfa Thaha
Mr. Jinto Sebastian
Mr. Justin B
Mr. Sandeep P K
Mr. Shamzan TV
Mrs. Reshma A S
Mr. Mithun K
Mr. Albin K D
Mrs. Akhila Haridas
Smt. Rejila PM
Smt. Nimisha Babu
Mr. Vivek Ramachandran
Smt. Aswathi Shaji

**Cover & Layout**
Mr. Abhiram K T K

**Published by**
Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur - 680581
Phone: +914872207000, 2200244, 2207087 (Office)
Email: info@kila.ac.in
Website: www.kila.ac.in

**Printed at**
Gramalakshmi Mudralayam

**November 2022**

ISBN NUMBER 978-81-959953-1-8



## ശ്രീ. എം. ബി. രാജേഷ്
**ബഹു. തദ്ദേശ സ്വയംഭരണ- എക്സൈസ് വകുപ്പ് മന്ത്രി**

# സന്ദേശം

ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും വേഗത്തിൽ ഏറ്റവും കാര്യക്ഷമമായി പൗരന് നീതി ലഭ്യമാക്കുക എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക കടമ. കഴിഞ്ഞ 25 വർഷക്കാലം കൊണ്ട് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക വികസന പ്രശ്നങ്ങൾ ജനപങ്കാളിത്തത്തോടെ പരിഹരിക്കുന്നതിൽ രാജ്യത്തിനും ഒരുപക്ഷേ ലോകത്തിന് തന്നെ മാതൃകയായതും തനിമയാർന്നതും ആയ നിരവധി മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട് എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. ആ നിലയ്ക്ക് അവ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയർന്നു കഴിഞ്ഞു. അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയ ആസൂത്രണത്തിന്റെയും കാൽ നൂറ്റാണ്ട് കാലത്തെ ഈടുറ്റ അനുഭവങ്ങൾ പുതിയകാലത്തെ വികസന പ്രതിസന്ധികളെയും വെല്ലുവിളികളെയും കാര്യക്ഷമതയോടെ നേരിടുന്നതിന് നമുക്ക് മുതൽക്കൂട്ടായി എന്നത് തീർച്ചയാണ്.

2018-19 വർഷങ്ങളിലെ മഹാപ്രളയദുരന്തങ്ങളും 2020-21 വർഷങ്ങളിലെ കോവിഡ് മഹാമാരി ദുരന്തങ്ങളും നേരിടുന്ന കാര്യത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിസ്തുലമായ കാര്യശേഷിയാണ് കാഴ്ചവച്ചത്. എന്നാൽ അവ സൃഷ്ടിച്ച സാമ്പത്തിക സാമൂഹ്യ പ്രതിസന്ധികൾ ജനജീവിതത്തെ ആഴത്തിൽ പരിക്കേൽപ്പിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും ഉണ്ടായിട്ടുള്ള ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ പ്രാപ്തിയുള്ള അതിജീവന ക്ഷമതയുള്ള ഒരു കേരളത്തെ പുനഃസൃഷ്ടിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ തീർച്ചയായും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനിർണായകമായ ഒരു പങ്കാണുള്ളത്. നാം തുടർന്നുവന്ന പരമ്പരാഗത വികസന പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായി, മാമൂൽ വിട്ടും, സാഹസികമായും, ചില മുന്നേറ്റങ്ങൾ നവകേരള പുനഃസൃഷ്ടിയിൽ നാം ഏറ്റെടുക്കേണ്ടി വരും. പുത്തൻ ആശയങ്ങളെയും വേറിട്ട പ്രശ്നപരിഹാര വഴികളെയും തേടേണ്ടി വരും.

സംസ്ഥാന സർക്കാർ കെ-ഡിസ്ക് എന്ന സംവിധാനത്തിന്റെ നേതൃത്വത്തിൽ OLOI (One Local Government One Idea - ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം) എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. അപരിഹാര്യങ്ങളായി ഇപ്പോഴും തുടരുന്ന വികസന പ്രശ്നങ്ങളെയും അവ പരിഹരിക്കാൻ ഉതകുന്ന പുത്തൻ ആശയങ്ങളെയും സമന്വയിപ്പിക്കാനും പരിഹാരം തേടാനുമുള്ള ശ്രമങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുക. പുത്തനാശയങ്ങളെ പ്രശ്നപരിഹാരത്തിനുതകുന്ന

തരത്തിൽ വളർത്തിയെടുക്കുന്നതിനും വിജയകരമായി പ്രയോഗവൽക്കരിക്കുന്നതിനും കഴിയുന്ന തരത്തിൽ—പ്രാദേശിക പുത്തനാശയദാതാക്കളെയും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെയും ലഭ്യമായ മുഴുവൻ വൈദഗ്ധ്യത്തെയും ഇക്കാര്യത്തിൽ കൂട്ടിയിണക്കി—സാങ്കേതികവും ധനപരവുമായ പിന്തുണ ഉറപ്പാക്കി വിശദവും ആഴത്തിൽ ഊന്നിയതുമായ പരിശീലനം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഓരോ വിഷയമേഖലയിലെയും വിദഗ്ധർക്കും സന്നദ്ധപ്രവർത്തകർക്കും നൽകേണ്ടതുണ്ട്. കെ - ഡിസ്കും കിലയും ചേർന്ന് സംഘടിപ്പിക്കാൻ പോകുന്ന വിപുലമായ പരിശീലന പരിപാടിക്ക് സഹായകമാകുന്ന ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിന്റെ പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട് നിർണായകമാകും എന്ന് പ്രതീക്ഷിക്കുന്ന ഈ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കാൻ കഴിയട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

ആശംസകൾ നേർന്നുകൊണ്ട്,

**എം. ബി. രാജേഷ്**

# ഡോ. പി. വി. ഉണ്ണികൃഷ്ണൻ

മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്




## മുഖവുര

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വികസന പ്രശനങ്ങളും വെല്ലുവിളികളും പരിഹരിക്കാനും പ്രാദേശിക സാമ്പത്തിക വികസനത്തിൽ വൻ മുന്നേറ്റം സാധ്യമാക്കാനും ഇന്നൊവേഷൻ അനിവാര്യമാണ്. ഇന്നൊവേഷൻ എന്ന് പറയുന്നത് പ്രധാനമായും വെല്ലുവിളികളിൽ നിന്ന് അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. അത് മുഖ്യമായും വ്യവസായവും ശാസ്ത്ര ഗവേഷണ നിർവ്വഹണവുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനമായാണ് നിലനിൽക്കുന്നത്. വിവിധ രാജ്യങ്ങളിൽ ദേശീയ സർക്കാരും കോർപ്പറേറ്റുകളും ചേർന്നാണ് ഇന്നൊവേഷൻ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നത്. ദേശീയ തലങ്ങളിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനു സർക്കാരും വ്യവസായ, അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളും കൈകോർക്കുന്ന ട്രിപ്പിൾ ഹെലിക്സ് മാതൃകയാണ് പിന്തുടരുന്നത്. അതിന്റെ തുടർച്ചയായി പ്രാദേശികമായ ഇന്നൊവേഷൻ എക്കോസിസ്റ്റം സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ് നാം ചെയ്യേണ്ടത്. സംസ്ഥാന തലത്തിൽ ഇന്നൊവേഷൻ എക്കോസിസ്റ്റം പ്രാരംഭഘട്ടത്തിൽ ആണ്. ഇതിനായി അക്കാദമിക/ഗവേഷണ, വ്യവസായ സ്ഥാപനങ്ങളും സർക്കാരുമായി ബന്ധിപ്പിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് പ്രാഥമികമായ ആവശ്യം. ഇതോടൊപ്പം പ്രാദേശിക സമൂഹങ്ങളുടെ വൈജ്ഞാനിക പിന്തുണയും പ്രായോഗിക അനുഭവങ്ങളുള്ള വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ, കൂട്ടായ്മകളിൽ നിന്നോ ഉണ്ടായിവരുന്ന പുതിയ ആശയങ്ങളുടെയും നൂതന സംരംഭകത്വ ചിന്തകളെയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാന സർക്കാർ മുന്നോട്ടു വയ്ക്കുന്ന "ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം" (OLOI) എന്ന പദ്ധതി ഇന്നൊവേഷൻ ആവാസ വ്യവസ്ഥയുടെ ഒരു പ്രായോഗിക വൽക്കരണ മാതൃക ആണ്. അപരിഹാര്യമായ പ്രശ്നങ്ങളും നൂതന ആശയങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുകയും അവയെ തരംതിരിച്ച് അവയുടെ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി അവയുടെ പ്രായോഗികത ഉറപ്പുവരുത്തി സ്കെയിൽ അപ്പ് (Scale-up) ചെയ്യുകയാണ് ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ.

ഈ പദ്ധതിയുടെ നടത്തിപ്പിന് ഒരേസമയം വിവിധ വിഭാഗങ്ങളിൽപ്പെട്ട സ്റ്റേക്ക്ഹോൾഡേഴ്സ് ഈ പ്രക്രിയയിൽ പങ്കാളിയാകേണ്ടതുണ്ട്. പൊതുവിൽ സങ്കീർണ്ണമായ ഒരു ഉള്ളടക്കത്തെ വളരെ ലളിതമായ രീതികൾ ഉപയോഗിച്ച് താഴെത്തലം വരെ എത്തിക്കാൻ സാധിച്ചാൽ മാത്രമേ ഈ

പദ്ധതി വിജയകരമാകൂ. അതിനാൽ വിവിധ വിഭാഗങ്ങൾക്ക് വിവിധ തലത്തിലും വിവിധ ഉള്ളടക്കത്തോടുകൂടിയ പരിശീലന പരിപാടികൾ കെ-ഡിസ്ക് കിലയുമായി ചേർന്ന് വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് തദ്ദേശതല ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനം. ഈ പരിപാടിയുടെ പരിശീലനത്തിനായി തയ്യാറാക്കിയിട്ടുള്ള ഈ കൈപ്പുസ്തകം കേരളത്തിലെ ഇന്നൊവേഷൻ ആവാസ വ്യവസ്ഥയുടെ സൃഷ്ടിയെയും പ്രയോഗത്തെയും സഹായിക്കുന്ന ഒന്നാണ്.

**ഡോ. പി. വി. ഉണ്ണികൃഷ്ണൻ**

# ഡോ. ജോയ് ഇളമൺ

ഡയറക്ടർ ജനറൽ, കില




## അവതാരിക

അധികാര വികേന്ദ്രീകരണ രംഗത്ത് നിരവധി നേട്ടങ്ങൾ ആർജ്ജിച്ച സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ മാനവിക വികസന നേട്ടങ്ങളെ ഏറെ മുൻപോട്ട് കൊണ്ടു പോകുന്നതിന് അധികാര വികേന്ദ്രീകരണം ഏറെ സഹായകമായിട്ടുണ്ട്. റോഡ് ശൃംഖലകളുടെ വികസനം, പാർപ്പിടം, കുടിവെള്ളം, വൈദ്യുതീകരണം, സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേട്ടങ്ങൾ ഏറെ പ്രകടമാണ്. വികസന അവസ്ഥയിൽ പുറകിൽ നിന്നിരുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങളിലും പ്രാദേശിക ആസൂത്രണം കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച നേട്ടങ്ങൾ എല്ലാം പ്രകടമാകുമ്പോഴും പ്രാദേശിക ആസൂത്രണത്തിൽ മറികടക്കേണ്ട ചില പരിമിതികൾ നിലനിൽക്കുന്നു. ആസൂത്രണ പ്രക്രിയ താഴെ തലത്തിൽ വ്യവസ്ഥാപിതമാക്കപ്പെട്ടു എന്നതിനൊപ്പം തന്നെ അതിന്റെ ഗുണമേന്മ നിലനിർത്തുന്ന തിന് കഴിയാതെ പോയിട്ടുണ്ട് എന്നത് വസ്തുതയാണ്. വകുപ്പു പദ്ധതികളുടെ ആവർത്തനത്തിന് അപ്പുറം നൂതന ആശയങ്ങൾ വേണ്ടത്ര പ്രാദേശിക ആസൂത്രണത്തിൽ കടന്നു വന്നിട്ടില്ല. പ്രാദേശിക ആസൂത്രണത്തിലെ വിദഗ്ധ പങ്കാളിത്തവും ക്രമാനുസൃതമായി കുറഞ്ഞു വന്നിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ മേഖലകളിൽ അവർക്ക് തനിയെ പരിഹാരം കാണാനാകാത്ത നിരവധി പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. അവക്കെല്ലാം വിദഗ്ധ പിന്തുണകൾ ആവശ്യവുമാണ്.

മേൽ സൂചിപ്പിച്ച പരിമിതികളെ മറികടക്കാൻ ആണ് 'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' (One Local Government One Idea) എന്ന പദ്ധതിക്ക് കെ.ഡിസ്കിന്റെ (Kerala Development and Innovation Strategic Council) നേതൃത്വത്തിൽ രൂപം നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിഹാരം കാണാനാകാത്ത പ്രശ്നങ്ങൾക്ക് വിദഗ്ധർ, അക്കാദമിക സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരുടെ പിന്തുണയോടെ പരിഹാരം കാണുന്നതിനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

ഒരു പുതിയ പ്രവർത്തനം എന്ന നിലയിൽ ഈ പദ്ധതിക്ക് ഏറെ മുന്നൊരുക്കങ്ങളും പരിശീലനങ്ങളും ആവശ്യമാണ്. സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ പരിശീലനങ്ങൾ ആവശ്യമായി വരും. ഈ പരിശീലനങ്ങൾക്ക് സഹായകമായ രീതിയിലാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. പരിശീലനങ്ങളിൽ പങ്കാളികളാകുന്ന മുഴുവൻ പേർക്കും ആശംസകൾ നേരുന്നു.

# ഉള്ളടക്കം

**ആമുഖം ..... 1**
**1. പശ്ചാത്തലവും സമീപനവും ..... 3**
1.1 നേട്ടങ്ങൾ ..... 3
1.2 വെല്ലുവിളികൾ ..... 3
1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ..... 4
41.4 പുതിയ അവസരങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ..... 6
1.5 ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം പദ്ധതിയുടെ ലക്ഷ്യങ്ങൾ ..... 6
**2. ഇന്നൊവേഷൻ ..... 8**
2.1 എന്താണ് ഇന്നൊവേഷൻ ..... 8
2.2 ഇന്നൊവേഷൻ - OLOI പശ്ചാത്തലത്തിൽ ..... 8
2.3 വിവിധ തരം ഇന്നൊവേഷൻ - OLOI പശ്ചാത്തലത്തിൽ ..... 9
2.4 ഇന്നൊവേഷൻ ഉദാഹരണങ്ങൾ: കേസ് സ്റ്റഡീസ് ..... 9
2.4.1 കെഎസ്ആർടിസിക്ക വേണ്ടി കെ-ഡിസ്ക് വികസിപ്പിച്ച കൂട്ടിയിടി ഒഴിവാക്കൽ സംവിധാനം ..... 9
2.4.2 ബ്ലഡ് ബാഗ് ട്രെയ്സബിലിറ്റി മാതൃക ..... 9
2.4.3 കേരളത്തിലെ ഹോസ്പിറ്റൽ കിയോസ്ക് ..... 10
2.5 OLOIയുടെ ഇന്നൊവേഷൻ ആവാസവ്യവസ്ഥ ..... 10
2.6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇന്നൊവേഷൻ ആവാസവ്യവസ്ഥയും: ..... 11
2.6.1 OLOI മാതൃകകളുടെ പ്രത്യേകതകൾ ..... 12
**3. OLOI ആശയരൂപീകരണവും പ്രക്രിയയും ..... 13**
3.1 പ്രശ്നസമാഹരണം ..... 13
3.1.1 നിലവിലെ വികസന രേഖയുടെ പരിശോധന ..... 13
3.1.2 ബന്ധപ്പെട്ട വിവിധ കക്ഷികളുമായുള്ള ചർച്ചകൾ ..... 14
3.1.3 പ്രശ്നങ്ങളുടെ മുൻഗണന നിശ്ചയിക്കലും പ്രശ്ന പ്രസ്താവനകൾ (Problem statement) തയ്യാറാക്കലും ..... 15
3.2 പ്രശ്ന പ്രസ്താവനകൾ/ ആശയങ്ങൾ സമാഹരിക്കൽ ..... 15
3.3 നൂതനാശയ സമാഹരണവും പ്രാദേശിക ഇന്നൊവേഷൻ പദ്ധതിയും ..... 17
3.4 കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് രൂപീകരണവും ഡിസ്ട്രിക്റ്റ് റിസോഴ്സ് സെന്റർ ചർച്ചകളും ..... 18
3.5 നടപ്പാക്കൽ മാർഗ്ഗനിർദ്ദേശം ..... 18
3.6 വിശദമായ പദ്ധതി രേഖകൾ (Detailed Project Reports) തയ്യാറാക്കൽ ..... 18
3.7 പദ്ധതി അംഗീകാരം ..... 19
3.8 പദ്ധതി നിർവ്വഹണം ..... 20
3.9 മോണിറ്ററിംഗ് ..... 20
3.10 OLOI പോർട്ടൽ ..... 20
**4. കമ്യൂണിറ്റി ഓഫ് പ്രാക്ടീസും ഹാക്കത്തോണും ..... 21**
4.1 OLOI യിലെ കമ്യൂണിറ്റി ഓഫ് പ്രാക്ടീസ് ..... 21
4.1.1 CoP യുടെ ചുമതലകൾ ..... 22

4.2 നൂതനാശയങ്ങൾക്ക് ഹാക്കത്തോൺ ........ 22
**5. ഒരു തദ്ദേശ സ്ഥാപനം ഒരാശയം – പിന്തുണാ സംവിധാനങ്ങളും സംയോജന സാധ്യതകളും .......... 23**
5.1 പൊതു സംഘടനാസംവിധാനം ........ 23
5.2 പ്രക്രിയാ സംവിധാനം ........ 25
5.3 ആശയ സമാഹരണം ........ 25
5.4 തദ്ദേശസ്ഥാപനത്തിലെ വിദഗ്ധസമിതി ........ 26
5.5 ജില്ലാ ആസൂത്രണ സമിതിയുടെ പങ്ക് ........ 26
**അനുബന്ധം ........ 27**
OLOI മായി ബന്ധപ്പെട്ട 27 വിഷയ മേഖലകൾ ........ 27

# ആമുഖം

കേരളം അധികാരവികേന്ദ്രീകരണത്തിന്റെ കാൽനൂറ്റാണ്ട് പിന്നിടുകയാണ്. ലോകത്തിനു തന്നെ മാതൃകയായ നിരവധി നേട്ടങ്ങൾ സാധ്യമാക്കാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമ, നഗര പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും, ദരിദ്രരുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിൽ റോഡ് ശൃംഖലയുടെ വികസനം, പാർപ്പിടം ഉറപ്പാക്കൽ, കുടിവെള്ളം ലഭ്യമാക്കൽ, പൊതു സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ മുതലായ മേഖലകളിൽ പ്രകടമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകൊണ്ട് കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനം ജനജീവിതത്തിൽ നിർണായക പങ്കുവഹിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. സംസ്ഥാനത്ത് വികേന്ദ്രീകൃതമായ ഒരു ആസൂത്രണ സംവിധാനം വ്യവസ്ഥാപിതമാക്കാൻ കഴിഞ്ഞ കാൽനൂറ്റാണ്ടു കാലം കൊണ്ട് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനപ്രതിനിധികളും ഉദ്യോഗസ്ഥ സംവിധാനവും, സന്നദ്ധപ്രവർത്തകരും കൈകോർത്തുള്ള പ്രാദേശിക ആസൂത്രണം ഒരു സാധ്യതയാണ് എന്ന് കേരളീയ അനുഭവം തെളിയിച്ചു.

മുകളിൽ പറഞ്ഞ നിരവധി നേട്ടങ്ങൾ സൃഷ്ടിച്ചപ്പോൾ തന്നെ കേരളത്തിലെ അധികാരവികേന്ദ്രീകരണരംഗത്ത് മറികടക്കേണ്ട നിരവധി പരിമിതികൾ നിലനിൽക്കുന്നുണ്ട്. ഉത്പാദന മേഖലയിൽ ഊന്നിയ കൃത്യമായ ഇടപെടൽ നമുക്ക് നടത്താനായിട്ടില്ല എന്നതാണ് പ്രധാന പരിമിതി. പ്രാദേശിക സാമ്പത്തിക വികസനം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ഉത്തരവാദിത്തം ആണെങ്കിലും, ആ ദിശയിൽ കാര്യമായ ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടില്ല. പ്രാദേശികമായ തൊഴിൽ ഉത്പാദന സാധ്യതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ഉപയോഗിച്ചിട്ടില്ല.

പ്രാദേശിക ആസൂത്രണത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെങ്കിലും അവ ക്രിയാത്മകമായി ഉപയോഗിക്കുന്നതിൽ നിരവധി പരിമിതികൾ ഉണ്ടായിട്ടുണ്ട്. സർക്കാർ വകുപ്പ് പദ്ധതികളുടെ ആവർത്തനം എന്നതിനപ്പുറം പുതിയ ആശയങ്ങളെ പദ്ധതികളാക്കി മാറ്റാനുള്ള ശ്രമങ്ങൾ പരിമിതമായി മാത്രമേ നടന്നിട്ടുള്ളൂ. പ്രാദേശിക വൈദഗ്ധ്യങ്ങളെ ആസൂത്രണപ്രക്രിയയുമായി ബന്ധിപ്പിക്കുന്നതിന് ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തെ മാറ്റി നിർത്തിയാൽ പിന്നീട്

വലിയ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. അക്കാദമിക, ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, ഓരോ മേഖലയിലേയും വിദഗ്ധർ, ചെറുപ്പക്കാർ എന്നിവരുടെ പങ്കാളിത്തം ആസൂത്രണ സംവിധാനങ്ങളിൽ നാമമാത്രമായേ ഉണ്ടായിട്ടുള്ളൂ. പ്രാദേശിക ആസൂത്രണത്തെ നവീകരിക്കുന്നതിൽ ഇത് പരിമിതികൾ സൃഷ്ടിച്ചു. തദ്ദേശ സ്വയഭരണ സ്ഥാപനതലത്തിൽ ഓരോ മേഖലയിലും നേരിടുന്ന പുതിയ പ്രതിസന്ധികളെ നവീനാശയങ്ങൾ രൂപീകരിച്ചു മറികടക്കുന്നതിനുള്ള ശ്രമങ്ങൾ പരിമിതമായി മാത്രമേ നടന്നിട്ടുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണ പ്രക്രിയയ്ക്ക് സംഭവിച്ച മുരടിപ്പിനെ മറികടക്കുന്നതിനും അതിനെ നവീകരിക്കുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമാണ് കെ-ഡിസ്കിന്റെ (കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം (One Local Government One Idea - OLOI) എന്ന പദ്ധതി. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വിപുലമായ ജനപങ്കാളിത്തത്തോടെ ഒരു നൂതനാശയം എങ്കിലും കണ്ടെത്തി ഫലപ്രദമായി നടപ്പാക്കാനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. തദ്ദേശസ്ഥാപനങ്ങൾ, അക്കാദമിക സ്ഥാപനങ്ങൾ, ഓരോ വിഷയമേഖലകളിലേയും വിദഗ്ധരടങ്ങിയ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്നിവയുടെ സംയുക്ത ഇടപെടലുകളിലൂടെ ആണ് ഈ പദ്ധതി മുന്നോട്ട് പോകുക.

അദ്ധ്യായം 1

# പശ്ചാത്തലവും സമീപനവും

കേരളം അധികാര വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ട് പൂർത്തീകരിച്ചിരിക്കുകയാണ്. കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ നിരവധി കാര്യങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

## 1.1 നേട്ടങ്ങൾ

കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ സുരക്ഷാ രംഗത്തും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും പശ്ചാത്തല സൗകര്യ വികസനരംഗത്തും രാജ്യത്തിന് തന്നെ മാതൃകയാവുന്ന നിരവധി മുന്നേറ്റങ്ങൾ നടത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ സാമ്പത്തികപാതയാണ് സംസ്ഥാനം പിന്തുടരുന്നത്. സാമൂഹ്യ വികസന രംഗത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് കേരളം.

നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം പ്രകൃതി – പൊതുജനാരോഗ്യ ദുരന്തങ്ങൾ ഉയർത്തിയ വെല്ലുവിളികളെ നേരിടുന്നതിൽ മാതൃകാപരമായ മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. കോവിഡ് പ്രതിസന്ധിയിൽ കേരളം മുഴുവൻ അടച്ചുപൂട്ടിയപ്പോൾ അതിഥി തൊഴിലാളികളുടെയടക്കം സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് അർഹതപ്പെട്ട മുഴുവൻ അവശവിഭാഗങ്ങളെയും പട്ടിണിയില്ലാതെ സംരക്ഷിക്കുന്നതിനും അർഹമായ മുഴുവൻ പേർക്കും ചികിത്സാ സംവിധാനം ഉൾപ്പെടെ ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകയായിട്ടുണ്ട്. ആ നിലയ്ക്ക് അവ പ്രാദേശിക ഗവൺമെന്റുകളായി ഉയർന്നു കഴിഞ്ഞിരിക്കുന്നു.

രാജ്യം തുടർന്നുവന്നിരുന്ന പഞ്ചവത്സര പദ്ധതികളും ആസൂത്രിതമായ പദ്ധതി പ്രവർത്തനങ്ങളും കേന്ദ്രസർക്കാരും ഇതര സംസ്ഥാന സർക്കാരുകളും ഉപേക്ഷിച്ചപ്പോഴും ആസൂത്രണത്തിന്റെ ജനകീയ രീതിശാസ്ത്രത്തെ കൂടുതൽ വിപുലമാക്കുകയാണ് കേരളം ചെയ്തത്.

## 1.2 വെല്ലുവിളികൾ

ആഗോള സാമ്പത്തികമാന്ദ്യവും കോവിഡ് മഹാമാരിയുടെ ഭാഗമായ തൊഴിൽനഷ്ടവും കേരളത്തിലേയ്ക്കുള്ള പ്രവാസികളുടെ മടങ്ങിവരവ് വർദ്ധിപ്പിക്കുകയും അവരുടെ നിക്ഷേപ സാധ്യതകളിൽ മങ്ങലേൽപ്പിക്കുകയും ചെയ്തു. ആഭ്യന്തര ഉൽപാദന വ്യവസ്ഥയും തൊഴിൽ സാധ്യതകളും വിപുലീകരിച്ചല്ലാതെ കേരളത്തിന് മുന്നോട്ട് പോകാനാവില്ല എന്ന സ്ഥിതി സംജാതമായിരിക്കുന്നു.

ഉല്പാദന മേഖലയിലും പ്രാദേശിക സാമ്പത്തിക വികസന രംഗത്തും സംസ്ഥാനത്ത് ആശാവഹമായ

മുന്നേറ്റം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താനായിട്ടില്ല എന്നത് ഒരു പരിമിതി തന്നെയാണ്. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ പ്രാഥമിക മേഖലയിലെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുകയും പ്രാഥമിക, ദ്വിതീയ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനാവശ്യമായ പുത്തനാശയങ്ങളും പ്രവർത്തനങ്ങളും സങ്കേതികവിദ്യകളും കണ്ടെത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുക എന്നതാണ് നാം നേരിടുന്ന മറ്റൊരു വെല്ലുവിളി.

സാമ്പത്തിക രംഗത്തെ വികസന പ്രതിസന്ധികൾ, പ്രാഥമിക മേഖലയിലെ ഉല്പാദന മുരടിപ്പ്, കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ എന്നിവ കേരളത്തിനുമുന്നിൽ അതിജീവന പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. പ്രാഥമിക-ദ്വിതീയ മേഖലകളെ അടിസ്ഥാനമാക്കിയ സംരംഭങ്ങളുടെ അഭാവം കേരളത്തിൽ വലിയ തോതിൽ ദൃശ്യമാണ്. ഒരു ഉപഭോഗസമൂഹത്തിനുപരി ഉൽപാദനത്തിലൂന്നിയ സംരംഭകത്വത്തെ വികസിപ്പിക്കുന്നതിൽ നമുക്ക് പരിമിതികൾ ഉണ്ടായിട്ടുണ്ട്.

നമ്മുടെ സേവനമേഖലയിലും നിരവധി പ്രതിസന്ധികൾ നിലനിൽക്കുന്നു. ആരോഗ്യ മേഖലയിൽ പുതിയ പകർച്ച വ്യാധികളും, പകർച്ചേതര വ്യാധികളും വർദ്ധിച്ചുവരുന്നു. വർദ്ധിച്ചു വരുന്ന അപകടങ്ങൾ, മദ്യപാനാസക്തി, ഉയർന്ന രോഗാതുരത, ആത്മഹത്യാപ്രവണത, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ വർദ്ധന, ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം വർദ്ധിക്കുന്നത്, മാലിന്യം/ശുചിത്വ പ്രശ്നങ്ങൾ എന്നിവയെല്ലാം നാം അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രതിസന്ധികളാണ്.

ലിംഗപദവി തുല്യത ഉറപ്പാക്കുന്ന കാര്യത്തിലും നാം ഇനിയുമേറെ മുന്നോട്ട് പോകേണ്ടതുണ്ട്. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർദ്ധിപ്പിക്കുന്ന രീതിയിൽ, അവർ ഇന്നു ചെയ്യുന്ന ഗാർഹിക ഉത്തരവാദിത്തങ്ങളെ സാമൂഹിക സംരംഭങ്ങളാക്കി മാറ്റുന്ന സാമൂഹിക അടുക്കള (കമ്മ്യൂണിറ്റി കിച്ചൺ), വയോജന പരിപാലനകേന്ദ്രങ്ങൾ, ശിശുപരിചരണ കേന്ദ്രങ്ങൾ (ക്രഷ്), ഭിന്നശേഷി പുനരധിവാസം തുടങ്ങിയവയിലൂന്നിയ സാമൂഹിക സംരംഭക സാധ്യതകൾ കൂടുതൽ വികസിപ്പിക്കേണ്ടതുണ്ട്. കേരളം പൊതുവികസന സൂചികകളിൽ ഇന്ത്യയ്ക്ക് മാതൃകയായി നിൽക്കുമ്പോൾ തന്നെ പാർശ്വവത്കൃത വിഭാഗങ്ങളുടെ ചലനാത്മകത ഇനിയും ഉറപ്പുവരുത്താൻ നമുക്കായിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ നാം അഭിമുഖീകരിക്കുന്ന ഒരു മുഖ്യപ്രതിസന്ധിയാണ്. തൊഴിലെടുക്കുന്നവരേക്കാൾ ആശ്രിതരായവരുടെ (Dependent) അനുപാതം വർദ്ധിച്ചു വരുന്നതും ഒരു സാമൂഹിക പ്രതിസന്ധിയാണ്. ഏറ്റവും കൂടുതൽ നഗരവത്കരിക്കപ്പെടുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ അതിനെ മുന്നിൽ കണ്ടുകൊണ്ടുള്ള നഗരാസൂത്രണവും അടിസ്ഥാന സൗകര്യവികസനവും കേരളം അടിയന്തരമായി ഏറ്റെടുക്കേണ്ട കടമയാണ്. നഗരവത്കരണത്തെ അഭിസംബോധന ചെയ്യാവുന്ന തരത്തിലുള്ള പാരിസ്ഥിതികാസൂത്രണവും മാലിന്യപരിപാലന സംവിധാനങ്ങളും ഒരുക്കിക്കൊണ്ടു മാത്രമേ കേരളത്തിനു മുന്നോട്ട് പോകാനാകൂ.

ഉയർന്നതോതിൽ അക്കാദമിക സ്ഥാപനങ്ങളുടെ സാന്ദ്രത ഉള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക-സാമ്പത്തിക പ്രതിസന്ധികളെ അഭിസംബോധന ചെയ്യാൻ അവരുടെ വൈദഗ്ധ്യവും സേവനവും ഫലപ്രദമായ രീതിയിൽ വേണ്ടത്ര ഉപയോഗിക്കാൻ നമുക്കായിട്ടില്ല.

## 1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

സുസ്ഥിരവികസന ലക്ഷ്യങ്ങളും നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി കേരളം പ്രഖ്യാപിച്ചിട്ടുള്ള വികസന ലക്ഷ്യങ്ങളും പൂർത്തികരിക്കുന്നതിന് ആധുനിക യുഗത്തിലെ സാങ്കേതിക വികാസങ്ങളെ

പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജരാക്കുന്നതിനാണ് പതിനാലാം പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകമായ ഒരു പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (ലോക്കൽ ഇക്കോണമിക് ഡെവലപ്മെന്റ് പ്ലാൻ) ഉണ്ടായിരിക്കണം എന്ന് സർക്കാർ നിർദ്ദേശിക്കുന്നു.

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയാക്കി മാറ്റുക എന്നത് സർക്കാരിന്റെ മുഖ്യ അജണ്ടകളിൽ ഒന്നാണ്. അഭ്യസ്തവിദ്യരുടെ വിപുലമായ ശൃംഖലയും അക്കാദമിക സ്ഥാപനങ്ങളുടെ വർദ്ധിച്ച സാന്ദ്രതയും അന്താരാഷ്ട്ര ദേശീയ തൊഴിൽ മേഖലകളിലെ മലയാളികളുടെ പങ്കാളിത്തവും ഇതിനുള്ള സാധ്യതകൾ നമ്മുടെ മുൻപിൽ തുറന്നിടുന്നു. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയ്ക്ക് അനുസൃതമായ ഒരു സംരംഭക ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്നത് ഇതിന്റെ മുൻ ഉപാധിയാണ്. തൊഴിൽരഹിതരായ അഭ്യസ്തവിദ്യരുടെ തൊഴിലവസര ലഭ്യതയും തൊഴിൽ ക്ഷമതയും വർദ്ധിപ്പിച്ചു കൊണ്ടു മാത്രമേ കേരളത്തിലെ ആഭ്യന്തര സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനാകൂ.

അതിജീവനശേഷിയുള്ള ഒരു പുതിയ കേരളത്തെ സൃഷ്ടിക്കുകയാണ് സർക്കാരിന്റെ മുന്നിലുള്ള ലക്ഷ്യം. ഈ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയൊരു പങ്ക് വഹിക്കാനുണ്ട്. അതിവിപുലമായ തൊഴിൽസൃഷ്ടി ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതിക്ക് ഈ സർക്കാർ തുടക്കം കുറിക്കുകയാണ്. അവയിൽ ഭൂരിഭാഗവും വിജയിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് നിർണായകമാണ്.

തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ദൗത്യം ജനസംഖ്യയിലെ ഓരോ ആയിരം പേരിൽ 5 പേർക്ക് തൊഴിൽ അവസരം പ്രാദേശികമായി സൃഷ്ടിക്കുക എന്നതാണ്. വരുംവർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തപ്പെടുന്നത്, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും പ്രാദേശിക സാമ്പത്തിക വികസന ഉപപദ്ധതിയുടെ പ്രകടനവും, തൊഴിൽ ലഭ്യമാക്കൽ എങ്ങനെ ആയിരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ സാധ്യമാകുന്ന നേട്ടങ്ങളുടെ അടിസ്ഥാനത്തിലും ആയിരിക്കും. ഇത് യാഥാർത്ഥ്യമായാൽ മാത്രമേ പ്രാദേശിക സാമ്പത്തിക വികസനം എന്ന ഭരണഘടനാപരമായ ഉത്തരവാദിത്തം നിറവേറ്റാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയൂ. ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഏറെ ഉയർന്ന വൈദഗ്ധ്യവും യോഗ്യതയുമുള്ളവരാണെങ്കിലും അവരുടെ വൈജ്ഞാനിക അടിത്തറയെ പുത്തനാശയങ്ങളാക്കി മാറ്റുന്നതിൽ പരിമിതികൾ ഉണ്ടായിട്ടുണ്ട്. ഈ പരിമിതിയെ മറികടന്നുകൊണ്ടുമാത്രമേ ആസൂത്രണത്തിന്റെ ഗുണതയെ മെച്ചപ്പെടുത്താൻ കഴിയൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തൊഴിൽരഹിതരായ യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം ഉയർത്തിക്കൊണ്ടും വിവിധ മേഖലകളിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രാദേശിക വികസന നേട്ടങ്ങളിൽ നാം ഏറെ മുന്നോട്ട് പോയിട്ടുണ്ട്. എന്നാൽ ഓരോ പ്രദേശവും നേരിടുന്ന തനത് വികസന വെല്ലുവിളികളെ തിരിച്ചറിയാനും അവയെ അഭിസംബോധന ചെയ്യുന്നതിനുള്ള നൂതന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി കാലോചിതമായി വർദ്ധിപ്പിക്കാനും വേണ്ടത്ര ശ്രമം നടന്നിട്ടില്ല.

വകുപ്പ് പദ്ധതികളുടെ ആവർത്തനങ്ങൾ പ്രാദേശികമായി ചെയ്യുന്നതിനും ഉയർന്ന സാങ്കേതിക പിന്തുണ വേണ്ട പദ്ധതികളെ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള കാര്യശേഷി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിക്കേണ്ടതുണ്ട്. വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് നടന്നടുക്കുന്ന ഒരു സമൂഹമെന്ന നിലയിൽ അക്കാദമിക സ്ഥാപനങ്ങളിലൂടെയും സാങ്കേതിക സ്ഥാപനങ്ങളിലൂടെയും നാം ആർജ്ജിച്ച വൈദഗ്ധ്യങ്ങളെ പ്രാദേശിക വികസന പ്രശ്നങ്ങളെ പരിഹരിക്കുന്ന പരിധിയിലേക്ക്

കണ്ണിചേർക്കാൻ കഴിയേണ്ടതുണ്ട്.

പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ പുത്തൻ ആശയങ്ങളും സംരംഭങ്ങളും വളർത്തിയെടുക്കാനുള്ള വലിയ സാധ്യത കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻപിൽ നിലനിൽക്കുന്നു. ഈ പശ്ചാത്തലങ്ങളെല്ലാം പുത്തൻ ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള വിപുലമായ ഒരു പ്രവർത്തനത്തിന്റെ സാധ്യതകളിലേക്ക് വഴിതുറക്കുന്നു.

## 1.4 പുതിയ അവസരങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

പ്രാദേശികമായി ലഭ്യമായ അവസരങ്ങൾ കണ്ടെത്തി അവയെ സംരംഭക സാധ്യതകളായി വളർത്തിയെടുക്കുന്നതിന് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് സംരംഭകത്വ വികസനത്തിന്റെ ആദ്യചുവട്. നിലവിലുള്ള വിവിധ പദ്ധതികളും സഹായ സംവിധാനങ്ങളും പരമാവധി ഉപയോഗപ്പെടുത്തിയും പുത്തൻ സാങ്കേതിക വിദ്യകളുടെ പ്രയോഗം ഉറപ്പ് വരുത്തിയുമാണ് സംരംഭങ്ങൾക്ക് വളർന്ന് വരാൻ കഴിയുക. അതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഡിജിറ്റൽ സാങ്കേതിക വിദ്യാ രംഗത്തെ പുതിയ സാധ്യതകളെ, വിവര വിനിയോഗ രംഗത്തും വാർത്താവിനിമയ രംഗത്തും ഉപയോഗിച്ചുകൊണ്ട് പുത്തൻ സംരംഭകരായി ഉയർന്നുവരാൻ യുവജനങ്ങൾക്ക് പ്രചോദനം നൽകേണ്ടതുണ്ട്.

അനുയോജ്യമായ ജനസംഖ്യാ വളർച്ചാനിരക്ക്, വിദ്യാഭ്യാസമേഖലയിലെ മികവ്, താരതമ്യേന കൂടിയ പ്രതീക്ഷിത ആയുസ്സ്, ഉയർന്ന സാക്ഷരതാനിരക്ക്, സ്ത്രീകൾക്ക് അനുകൂലമായ ജനസംഖ്യാ അനുപാതം എന്നിവയൊക്കെ സംസ്ഥാനത്തിന്റെ സംരംഭകത്വത്തിന് അനുഗുണമായ പ്രത്യേകതകളാണ്.

കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകൾ എന്നിവയിൽ നിലനിൽക്കുന്നതും തിരിച്ചറിയപ്പെടുന്നതുമായ വികസന പ്രതിസന്ധികളെ ആർജ്ജിതമായ വിജ്ഞാനത്തിന്റെ പിന്തുണയോടെ പരിഹരിക്കുക എന്ന മാർഗ്ഗത്തിലേക്കാണു കേരളത്തിന്റെ യാത്ര.

## 1.5 ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം പദ്ധതിയുടെ ലക്ഷ്യങ്ങൾ

കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി (Knowledge Economy) മാറ്റുന്നതിനുള്ള ഒരു നൂതന പദ്ധതിക്ക് കേരള സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി തുടങ്ങിയ മേഖലകളിൽ ഇതിനോടകം കൈവരിച്ച നേട്ടങ്ങളിലൂടെ സ്വായത്തമാക്കിയ മാനവ - വൈജ്ഞാനിക സമ്പത്ത് സംസ്ഥാനത്തിന്റെ പുനർനിർമിതിക്ക് അടിത്തറ ഇടുന്നതിൽ പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. കേരളത്തിന്റെ മനുഷ്യ മൂലധനം പ്രയോജനപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തമുള്ള ഉചിതമായ സംവിധാനങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നതാണ് "ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം - വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ" എന്ന പരിപാടിയിലൂടെ നാം ലക്ഷ്യം വെക്കുന്നത്.

ഈ വെല്ലുവിളികൾ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ കഴിയുന്ന തരത്തിൽ ആശയപരമായും സാങ്കേതികമായും ബൗദ്ധികമായും ഉള്ള പിന്തുണാ സംവിധാനം ഒരുക്കുക എന്നത് പ്രധാനമാണ്. ഇതിനുള്ള കൂട്ടായ ശ്രമമാണ് കെ-ഡിസ്കിന്റെ നേതൃത്വത്തിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരു ആശയം/ഒരു വികസന പ്രശ്നമെങ്കിലും കണ്ടെത്തി വേറിട്ട വഴിയിൽ പരിഹരിക്കുക എന്നത്.

ഉല്പന്ന, പ്രക്രിയാ നവീകരണത്തിലും സാങ്കേതിക വിദ്യാരംഗത്തും പുതിയ ദിശാബോധം കൊണ്ടുവരികയും, സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്കരണം സാധ്യമാക്കുകയും ആരോഗ്യകരമായ ഒരു നൂതനാശയ ആവാസവ്യവസ്ഥ സൃഷ്ടിച്ചെടുക്കുകയും ചെയ്യാനുതകുന്ന പുത്തൻ പ്രയോഗങ്ങൾവഴി

കേരളത്തിലെ പുത്തനാശയങ്ങളുടെ വികസനം സാധ്യമാക്കാൻ പ്രവർത്തിക്കുന്ന കെ-ഡിസ്കിന്റെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്കാളിത്തത്തിലുമുള്ള പദ്ധതിയാണ് 'ഒരു തദ്ദേശ സ്ഥാപനം – ഒരു ആശയം' (OLOI).

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും പുറത്തുമുള്ള വിദഗ്ധരേയും ഗവേഷണ പഠന സ്ഥാപനങ്ങളെയും പ്രശ്നപരിഹാരത്തിനായി സർക്കാർ വകുപ്പുകളെയും ഏകോപിപ്പിക്കുന്ന പിന്തുണാ സംവിധാനം കെ-ഡിസ്കും, കിലയും (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), സി.എം.ഡിയും (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) ചേർന്ന് നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന, സാങ്കേതിക പിന്തുണയും വൈദഗ്ധ്യവും ആവശ്യമുള്ള വികസന പ്രതിസന്ധികൾക്ക് അക്കാദമിക് സ്ഥാപനങ്ങളുടെയും പ്രയോഗിക അനുഭവമുള്ള വിദഗ്ധരുടെയും പിന്തുണയോടെ പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് സഹായിക്കുക എന്നതാണ് OLOI എന്ന പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഇതോടൊപ്പം പ്രാദേശിക സമൂഹങ്ങളുടെ വൈജ്ഞാനിക പിന്തുണയും പ്രയോഗിക അനുഭവങ്ങളുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ കൂട്ടായ്മകളിൽ നിന്നോ ഉണ്ടായിവരുന്ന പുതിയ ആശയങ്ങളെയും നൂതന സംരംഭകത്വ ചിന്തകളെയും പ്രോത്സാഹിപ്പിക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത പദ്ധതികളുടെ ആവർത്തനമല്ലാതെ ഉൽപ്പന്നം, പ്രക്രിയ, സംഘടനാരൂപം എന്നീ ഘടകങ്ങളിലുള്ള നൂതനാശയങ്ങളുടെയും സംരംഭങ്ങളുടെയും പ്രോത്സാഹനമാണ് ആത്യന്തികമായി ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പ്രാദേശിക തലത്തിൽ പുത്തൻ ആശയങ്ങളെ സമന്വയിപ്പിക്കുന്നതിന് OLOI ക്കു രണ്ടു വ്യത്യസ്ത പാതകൾ ഉണ്ടായിരിക്കും.

1. പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ താഴെത്തലത്തിൽ തന്നെ സംഗ്രഹിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് അവർ പട്ടികപ്പെടുത്തിയ പ്രശ്നങ്ങളെ, പുത്തനാശയങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടു പരിഹാരം തേടാം.
2. സമൂഹത്തിൽ നിന്നും ഉയർന്നുവരുന്ന പുത്തൻ ആശയങ്ങൾ, പ്രക്രിയകൾ, നവീനമായ പ്രാദേശിക സംരംഭങ്ങൾ ആശയദാതാക്കളിൽനിന്നു സ്വീകരിക്കും. ഇവയെ പ്രയോഗവൽക്കരിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കും.

പങ്കാളിത്ത സാങ്കേതിക വിദ്യാവികസനം - പാർട്ടിസിപ്പേറ്റീവ് ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ (PTDA) അടിസ്ഥാനമാക്കിയുള്ള കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP) സംവിധാനം മേല്പറഞ്ഞ രണ്ടു വ്യത്യസ്ത സമീപനങ്ങളെയും പിന്തുണക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യും. ഏതെങ്കിലും പ്രത്യേക വിഷയത്തിലോ വികസന പ്രശ്നത്തിലോ അതീവ താല്പര്യത്തോടെ ഇടപെടുകയും തങ്ങളുടെ അറിവും പരിചയവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സംഘം വിദഗ്ധരുടെ കൂട്ടായ്മയാണ് CoP.

ഇത്തരത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിലേക്ക്, തുല്യതയിലും സുസ്ഥിരതയിലുമൂന്നിയ ഇടപെടലുകളിലൂടെ നൂതനാശയങ്ങൾ/സങ്കേതങ്ങൾ വഴി കേരളത്തിന്റെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടന്നടുക്കാൻ സഹായിക്കുന്ന ഈ പദ്ധതി ഏറെ സാധ്യതകൾ നിറഞ്ഞതാണ്. അതിലൂടെ പ്രാദേശിക തലത്തിലെ വികസനത്തിൽ അറിവിന്റെ പ്രയോഗത്തിന് പഠനഗവേഷണ സ്ഥാപനങ്ങളും, വ്യവസായങ്ങളും, സർക്കാർ മേഖലകളും തമ്മിലുള്ള ആശയവിനിമയവും സാധ്യമാകും.

അദ്ധ്യായം 2

# ഇന്നൊവേഷൻ

## 2.1 എന്താണ് ഇന്നൊവേഷൻ

പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനൊപ്പം നിലവിലെ ഉൽപ്പന്നങ്ങളിലോ പ്രക്രിയകളിലോ സാങ്കേതികവിദ്യകളിലോ, സംഘടന രൂപങ്ങളിലോ, ഗുണപരമായ മാറ്റങ്ങൾ വരുത്തി അവയുടെ സാമൂഹിക പ്രയോഗത്തിൽ വ്യത്യാസങ്ങൾ ഉണ്ടാക്കുന്ന സംയോജിത പ്രക്രിയയെയാണ് ഇന്നോവേഷൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

അടിസ്ഥാനപരമായി ഇന്നൊവേഷൻ ഉൽപ്പന്നവത്കരണത്തെയും വിപണി മൂല്യ സാധ്യത കളെയും വർദ്ധിപ്പിക്കുന്നു. സാങ്കേതികേതര അറിവു നേടലിലേയ്ക്കും നൂതന പ്രക്രിയകളിലേയ്ക്കും ഇന്നൊവേഷൻ സംവിധാനത്തിന്റെ നിർവചനത്തെ വ്യാപിപ്പിച്ചുകൊണ്ട് ഇന്നൊവേഷൻ സംവിധാനം എന്ന ആശയം ഗവേഷണ വികസനങ്ങളുടെ സാമ്പത്തികശാസ്ത്രത്തിന് ആവശ്യമായ സംഭാവന നൽകുന്നു.

## 2.2 ഇന്നൊവേഷൻ – OLOI പശ്ചാത്തലത്തിൽ

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളിലെ വികേന്ദ്രീകൃതാസൂത്രണ ഇടപെടലുകളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ തലത്തിലുള്ള നിരവധി വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും പരിഹരിക്കാൻ കഴിയാത്തതോ പ്രശനപരിഹാരത്തിന് ശ്രമിക്കാത്തതോ ആയ സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവും, പാരിസ്ഥിതികവുമായ ജീവിത പ്രശനങ്ങൾ തുടരുന്നുണ്ട്. ഇത്തരം പ്രതിസന്ധികളെ തരണംചെയ്യാൻ പര്യാപ്തമായ പുത്തൻ ആശയങ്ങളെ കണ്ടെത്തുക എന്നതാണ് ഇന്നോവേഷൻ എന്ന പദം കൊണ്ട് OLOI – ൽ അർത്ഥമാക്കുന്നത്. ഇത് ഒരു പുതിയ ഉല്പന്നമാകാം (product), പ്രശനപരിഹാരത്തിനുള്ള പുതിയ ഒരു രീതിസമ്പ്രദായമാകാം (process), അല്ലെങ്കിൽ നിലവിലുള്ളതിനു ബദലായ ഒരു രീതിശാസ്ത്രമാകാം (system). ആറ് പ്രത്യേകതകളാണ് OLOI – ൽ പുത്തനാശയവുമായി ബന്ധപ്പെട്ടു വിഭാവനം ചെയുന്നത്.

1. ആശയത്തിലെ പുതുമ/ നവീനത്വം
2. പ്രയോഗതലത്തിൽ നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ട പ്രശ്നപരിഹാരത്തിന് (solution) സാധ്യതയുള്ളതും, അനുകരണത്തിലൂടെ (scaling up) സാമൂഹ്യ മാറ്റത്തിന് സഹായകവും ആകണം.
3. ഇതുവരെ പരിഗണിക്കപ്പെടാതെ കിടന്ന സാമൂഹ്യപ്രശ്നങ്ങളേയും ആവശ്യങ്ങളെയും

അഭിസംബോധന ചെയ്യുന്നതായിരിക്കണം

4. പുത്തനാശയത്തിലൂടെ രൂപപ്പെടുന്ന പുതിയ ഉല്പന്നം ഉപയോക്താവിനു നിലവിലുള്ളതിനേക്കാൾ കുറഞ്ഞ ചെലവിൽ ലഭിക്കുന്നതും ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതുമാകണം
5. പുതിയ ഒരു ബൗദ്ധിക മൂലധന സൃഷ്ടിക്കു പര്യാപ്തമാവണം
6. പുതിയ ആശയത്തിന്റെ പ്രയോഗപരത പരമാവധി പരാജയ സാധ്യത കുറഞ്ഞതായിരിക്കണം

## 2.3 വിവിധ തരം ഇന്നൊവേഷൻ - OLOI പശ്ചാത്തലത്തിൽ

'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്നത് ഇന്നൊവേഷനെ തദ്ദേശസ്വയംഭരണ സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പരിഷ്കരിക്കാനുള്ള മാർഗ്ഗമാണ്. OLOI പദ്ധതിയുടെ കീഴിലുള്ള ഇന്നൊവേഷൻ മൂന്നു വിഭാഗങ്ങളിൽ പെടുന്നു.

1. **പ്രോസസ് ഇന്നൊവേഷൻ (നൂതനാശയ പ്രക്രിയ):** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉയർന്ന സ്വാധീനം ചെലുത്താനും, അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ടുവരാനും കഴിയുന്ന തരത്തിൽ നിലവിലുള്ള പ്രക്രിയകളിൽ വരുത്താവുന്ന മാറ്റങ്ങളാണ്.
2. **സിസ്റ്റം ഇന്നൊവേഷൻ (നൂതനാശയ ഘടനാരൂപം):** മികച്ച ഫലം ഉണ്ടാക്കുന്നതും വളർച്ചയുടെ തോത് നിർണയിക്കാവുന്നതും പരാജയ സാധ്യത പരമാവധി കുറക്കുന്നതുമായ തദ്ദേശതല പുത്തൻ ഘടനാരൂപം.
3. **പ്രോഡക്റ്റ് ഇന്നൊവേഷൻ (നൂതനാശയ ഉൽപന്നം):** തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി നിർദ്ദേശിക്കാവുന്ന ഒരു പുതിയ ഉൽപ്പന്നമോ നിലവിലുള്ളതിന്റെ പരിഷ്കരിച്ച രൂപമോ ആകാം.

## 2.4 ഇന്നൊവേഷൻ ഉദാഹരണങ്ങൾ: കേസ് സ്റ്റഡീസ്

### 2.4.1 കെഎസ്ആർടിസിക്കു വേണ്ടി കെ-ഡിസ്ക് വികസിപ്പിച്ച കൂട്ടിയിടി ഒഴിവാക്കൽ സംവിധാനം

അപകടങ്ങൾ തടയുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യയ്ക്കു വേണ്ടി കെ-ഡിസ്ക് ഉം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും (കെഎസ്ആർടിസി) സഹകരിച്ചതിലൂടെ കൂട്ടിയിടി ഒഴിവാക്കൽ സംവിധാനം പരീക്ഷിക്കുകയും ഡ്രൈവിംഗ് പെരുമാറ്റവും അപകടകരമായ ഡ്രൈവിംഗും നിരീക്ഷിക്കുന്നതിൽ ഏറെ ദൂരം മുന്നോട്ടുപോകുകയും ചെയ്തു.

പരീക്ഷണഘട്ടത്തിൽ കെഎസ്ആർടിസിയുടെ പത്ത് ബസുകളിൽ ടെലിമാറ്റിക്സ് ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ അവതരിപ്പിച്ചുകൊണ്ട്, ഡ്രൈവർമാർക്ക് തത്സമയ മുന്നറിയിപ്പുകൾ നൽകുന്നതിനൊപ്പം ബസുകളുടെ ചലനങ്ങൾ നിരന്തരം നിരീക്ഷിച്ച് കൂട്ടിയിടി ഒഴിവാക്കലും അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റ് സിസ്റ്റംസ് (ADAS) സാങ്കേതികവിദ്യയും ഉൾപ്പെടുന്ന ദ്വിമുഖ തന്ത്രമാണ് കെ-ഡിസ്ക് സ്വീകരിച്ചിരിക്കുന്നത്.

### 2.4.2 ബ്ലഡ് ബാഗ് ട്രെയ്സബിലിറ്റി മാതൃക

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെയും അനുബന്ധ രക്തബാങ്കുകളിലെയും രക്ത വിതരണത്തിന്റെ നിലവിലെ സാഹചര്യത്തിന്റെ ആവശ്യങ്ങളെയാണ് ഈ പദ്ധതി അഭിസംബോധന ചെയ്യുന്നത്. ബ്ലഡ് ബാങ്കിലും അനുബന്ധ രക്തസംഭരണ കേന്ദ്രങ്ങളിലും രക്തത്തിന്റെ കാര്യക്ഷമമായ വിതരണം ഉറപ്പാക്കാൻ ദാതാവിൽ നിന്ന് രോഗിയിലെത്തും വരെ രക്തബാഗുകൾ നിരീക്ഷിക്കേണ്ടതുണ്ട്.

ഫലം/പ്രയോജനങ്ങൾ: ദാതാവിൽ നിന്ന് സ്വീകർത്താവിൽ വരെ പിന്തുടരൽ സാധ്യമാക്കുന്നു. സ്റ്റോക്ക് മാനേജ്മെന്റ് / റെക്കോർഡ് മാനേജ്മെന്റ് സംവിധാനം ഉപയോഗിച്ച് ഇൻവെന്ററി ഡിജിറ്റൈസ് ചെയ്ത് ശേഖരണ കേന്ദ്രത്തിലേയും സംഭരണ കേന്ദ്രത്തിലേയും താപനില കൃത്യമായി

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേന്ദ്ര രക്ത ബാങ്കിൽ ഇത് ലഭ്യമാണ് (സുതാര്യത). താപനില ലംഘനങ്ങൾ അടിയന്തര നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാനാകുന്നു. പ്രതിവാര സ്റ്റാറ്റസ് ബന്ധപ്പെട്ട വകുപ്പുകൾക്ക് റിപ്പോർട്ടു ചെയ്യുന്നു. ആവശ്യമായ നടപടിയെടുക്കുന്നതിനായി, നിരസിച്ചവയുടെ ശതമാനം (ശേഖരണ കേന്ദ്രം - 3.2, സംഭരണ കേന്ദ്രം - 53) കണ്ടെത്താൻ അധികാരികളെ പ്രാപ്തരാക്കുന്നു. രോഗങ്ങളുടെ ക്ലസ്റ്റർ തിരിച്ചറിയലും സാധ്യമാണ്. K-DISCന്റെ പിന്തുണയോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

### 2.4.3 കേരളത്തിലെ ഹോസ്പിറ്റൽ കിയോസ്ക്

ജനന/മരണ രജിസ്ട്രേഷനെക്കുറിച്ചുള്ള വിവരങ്ങൾ ഉറവിടത്തിൽ നിന്നു തന്നെ ശേഖരിച്ച് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ/ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ തുടങ്ങിയ രജിസ്ട്രേഷൻ യൂണിറ്റുകളെ ഡയൽ-അപ്പ്/ VPN ആശയവിനിമയ സംവിധാനങ്ങളിലൂടെ ബന്ധിപ്പിച്ച് സുതാര്യവും ഉത്തരവാദിത്തമുള്ളതും വേഗതയേറിയതും ന്യായവുമായ പൊതുസേവനം ഉറപ്പാക്കുന്നതിന് ഹോസ്പിറ്റൽ കിയോസ്ക് സംരംഭം ലക്ഷ്യമിടുന്നു. ഐകെഎം വികസിപ്പിച്ച ഹോസ്പിറ്റൽ കിയോസ്ക് അപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ആയ സേവന ശേഖരിക്കുന്ന വിവരങ്ങൾ പൂർണ്ണവും വിശ്വസനീയവുമാണെന്ന് ഉറപ്പാക്കുന്നു.

ജനനമോ മരണമോ നടന്ന് 24 മണിക്കൂറിനുള്ളിൽ ആശുപത്രിയിൽ നിന്നുതന്നെ ജനന-മരണ സർട്ടിഫിക്കറ്റുകൾ നൽകുന്നുവെന്ന് കമ്മ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ചുള്ള ആപ്ലിക്കേഷൻ ഉറപ്പാക്കുന്നു. അങ്ങനെ പൊതു സേവന വിതരണത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കുന്നു. കണ്ണൂർ കന്റോൺമെന്റ് ഉൾപ്പെടെ 170 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 530 ആശുപത്രികളിലായി ആശുപത്രി കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ കിയോസ്ക് മുഖേന റിപ്പോർട്ട് ചെയ്യപ്പെട്ട ജനനത്തിന്റെ പ്രതിമാസ കവറേജ് 35,000-ലധികമാണ്.

ഈ സൗകര്യം വഴി സംസ്ഥാനത്തെ 75% ജനനങ്ങളും ഓൺലൈനായി രജിസ്ട്രേഷൻ യൂണിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. രജിസ്ട്രേഷൻ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതാണ് സാങ്കേതികവിദ്യ.

## 2.5 OLOIയുടെ ഇന്നൊവേഷൻ ആവാസവ്യവസ്ഥ

ഉൽപ്പന്നം (പ്രോഡക്റ്റ്), പ്രക്രിയ (പ്രോസസ്), സംഘാടനരൂപം (സിസ്റ്റം), ഇന്നൊവേഷനുകൾ, സാങ്കേതികവിദ്യയുടെ സാമൂഹികവൽക്കരണം, സംസ്ഥാനത്ത് ഇന്നൊവേഷൻ വളർത്തുന്നതിന് ആരോഗ്യകരവും അനുകൂലവുമായ ആവാസവ്യവസ്ഥ സൃഷ്ടിക്കൽ, എന്നിവയിൽ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന തന്ത്രപരമായ പദ്ധതികൾ കൊണ്ടുവരികയാണ് OLOI ലക്ഷ്യമിടുന്നത്. കേരളത്തെ വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യുന്നതിനെ പിന്തുണയ്ക്കുന്നതിനുള്ള ചുമതല കെ-ഡിസ്കിന് നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും പുത്തനാശയങ്ങളും സമന്വയിപ്പിക്കുന്നതിനും അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, സർക്കാർ (triple helix model) എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്നതിനുമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർപേഴ്സണായി ജില്ലാ ഇന്നൊവേഷൻ കൗൺസിലുകൾ (ഡിഐഎൻസി) കെ-ഡിസ്ക് രൂപീകരിച്ചിട്ടുണ്ട്. കെ-ഡിസ്ക് വിജയകരമായി സംയോജിപ്പിച്ച ട്രിപ്പിൾ ഹെലിക്സ് മോഡൽ ഉപയോഗിച്ചാണ് ഒ.എൽ.ഒ.ഐ നടപ്പാക്കുക. ഇതിനനുസൃതമായി അക്കാദമിക സ്ഥാപനങ്ങൾ, വിദഗ്ധർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ കണ്ണിചേർത്തുള്ള ഒരു ആവാസ വ്യവസ്ഥയാണ് OLOI യുടെ നടത്തിപ്പിനായി വിഭാവനം ചെയ്യുന്നത്.

**OLOIയുമായി കണ്ണി ചേർന്ന പ്രധാന അക്കാദമിക സ്ഥാപനങ്ങൾ**

**രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്, കേരള കാർഷിക സർവ്വകലാശാല, കേരള വന ഗവേഷണ കേന്ദ്രം, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സംസ്കൃത സർവകലാശാല, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി.**

മുകളിൽ സൂചിപ്പിച്ച പ്രശസ്തമായ ഗവേഷണ സ്ഥാപനങ്ങളുമായി ഇതിനെ ബന്ധിപ്പിക്കും. സംസ്ഥാന - ദേശീയ - അന്തർദേശീയ തലങ്ങളിലെ മികവുറ്റ അക്കാദമിക സ്ഥാപനങ്ങളെ ഈ പദ്ധതിയിലേക്ക് കണ്ണി ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ വൈദഗ്ധ്യം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുംവിധം നൂതനസംരംഭങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും ഉപയോഗപ്പെടുത്താം. പ്രാദേശിക ഭരണത്തിനും സാമ്പത്തിക വികസനത്തിനും ഗുണകരമാകുന്ന ഇന്നൊവേഷനുകൾ ഉറപ്പാക്കുംവിധം ദേശീയ-സംസ്ഥാന ഗവേഷണ കേന്ദ്രങ്ങളിലെ/സ്ഥാപനങ്ങളിലെ വിദഗ്ധരും പ്രാദേശിക ഭരണകൂടവും കൂടിച്ചേരുന്ന ഇടമായി പ്രവർത്തിക്കാൻ OLOI പദ്ധതിക്ക് കഴിയും. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ അവതരിപ്പിക്കുന്നതിന് ഇന്നൊവേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്ന മെന്ററിംഗ് ആവാസ വ്യവസ്ഥയുമായി ഇത് കൈകോർക്കും. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രശ്നപരിഹാരത്തിനുള്ള ODOI (ONE DISTRICT ONE IDEA), ഇന്നൊവേറ്റർമാർക്ക് തങ്ങളുടെ പദ്ധതികൾ പ്രാവർത്തികമാക്കാൻ ശരിയായ വിദഗ്ധരുടെ മെന്ററിംഗ് ലക്ഷ്യമിടുന്ന YIP (YOUNG INNOVATORS PROGRAMME) പോലുള്ള മറ്റു പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിനും കെ-ഡിസ്കിന് കഴിയും.

ബ്ലോക്ക്ചെയിൻ വികസന പദ്ധതി, ഇലക്ട്രിക് വെഹിക്കിൾ (ഇവി) വികസനം, ബദൽ ഊർജ്ജസംവിധാനങ്ങളുടെ വികസിപ്പിക്കൽ, സുൽത്താൻ ബത്തേരിയിലെ കാലാവസ്ഥാ അനുപൂരക സംവിധാനങ്ങളുടെ വികസിപ്പിക്കൽ, വയനാട് സ്മാർട്ട് കോഫി തുടങ്ങിയ കാര്യങ്ങളിൽ Groningen University, Delft University of Technology തുടങ്ങിയ പ്രമുഖ അന്തർദേശീയ സർവകലാശാലകളുമായും മികച്ച മറ്റു സ്ഥാപനങ്ങളുമായും ചേർന്നുള്ള പദ്ധതികളും കെ-ഡിസ്ക് നടത്തുന്നുണ്ട്. ഇവയെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയുമായി സംയോജിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഉയർന്നുവരുന്ന പ്രശ്നപരിഹാരത്തിനും നൂതനാശയ സംസ്കാരത്തിനും ദേശീയ അന്തർദേശീയ തലത്തിലുള്ള സ്ഥാപനങ്ങളെ ബന്ധിപ്പിക്കുന്ന ഇന്നൊവേഷൻ ആവാസവ്യവസ്ഥയെ സൃഷ്ടിക്കാനും ഫലപ്രദമായി ഉപയോഗിക്കാനും OLOI പദ്ധതിക്കു കഴിയും.

## 2.6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇന്നൊവേഷൻ ആവാസവ്യവസ്ഥയും

ഇന്ത്യയിലെ ഏറ്റവും ശക്തവും കാര്യക്ഷമവുമായ പ്രാദേശിക ഭരണസംവിധാനമാണ് കേരളത്തിലേത്. ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം എന്ന പരിപാടി തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയുമായി സജീവമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രാദേശിക സർക്കാരുകളിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രീകൃത സംയോജിത ഇടപെടൽ ആണ് OLOI.

### 2.6.1 OLOI മാതൃകകളുടെ പ്രത്യേകതകൾ

1. പ്രാദേശിക തലത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾക്ക്, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ, നൂതന ആശയ ദാതാക്കൾ, അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ, പ്രയോഗിക വൈദഗ്ധ്യം ഉള്ളവർ/സ്ഥാപനങ്ങൾ എന്നിവരെ ബന്ധിപ്പിക്കുന്ന ഒരു ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃക (താഴെ കാണുന്ന രേഖ ചിത്രം 1) നൂതന ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമായി പ്രവർത്തനക്ഷമമാക്കുക.
2. പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വിവിധ ജനവിഭാഗങ്ങളുടെ പങ്കളിത്തത്തോടെയുള്ള പ്രശ്ന വിശകലനത്തിലൂടെ സൂക്ഷ്മതല പ്രശ്നനിർണയ പ്രക്രിയ ആരംഭിക്കുക.
3. പ്രശ്നങ്ങളുടെയും ആശയങ്ങളുടെയും വിപുലമായ ജനകീയ സമാഹരണ സംവിധാനം (ക്രൗഡ് സോഴ്സിംഗ്) പ്രവർത്തനക്ഷമമാക്കുക.
4. പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തേണ്ടതും ആശയങ്ങളെ ക്യൂറേറ്റ് ചെയ്യേണ്ടതും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് ഗ്രൂപ്പുകൾ, പിഒസികൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രായോഗിക പ്രവർത്തന മാതൃകകളാക്കി വികസിപ്പിക്കേണ്ടതും പിന്തുണ ഉപയോഗിച്ചാണ്.




1. *ചിത്രം 1 ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃക*

അദ്ധ്യായം 3

# OLOI ആശയരൂപീകരണവും പ്രക്രിയയും

ഇന്നൊവേഷൻ സംബന്ധിച്ച അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതാതിടത്തെ വിവിധ സാമൂഹിക വിഭാഗങ്ങൾ, നൂതനാശയ രൂപകർത്താക്കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, CoP എന്നിവയെ കൂട്ടിയിണക്കി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നൂതനാശയങ്ങളെ പ്രായോഗിക പ്രവർത്തനങ്ങളാക്കി മാറ്റുന്നതിനുമുള്ള ഒരു ബഹുമുഖ രീതിശാസ്ത്രമാണ് OLOI പദ്ധതി പിന്തുടരുന്നത്.

OLOI പദ്ധതിയുടെ ആശയരൂപീകരണവും നിർവ്വഹണവും വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നസമാഹരണം, നൂതനാശയ രൂപകർത്താക്കളിൽ നിന്നുള്ള ആശയസമാഹരണം, പ്രശ്നങ്ങളുടെ മുൻഗണനാ നിർണയം, തരംതിരിക്കൽ, അവയെ പദ്ധതികളാക്കി മാറ്റുന്നതിനുള്ള വിദഗ്ധ ഇടപെടലുകൾ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, അവയുടെ നിർവ്വഹണം തുടങ്ങി വിവിധ ഘട്ടങ്ങളിലൂടെയാണ് OLOI പദ്ധതി കടന്നുപോകുന്നത്. സാമൂഹിക പങ്കാളിത്തത്തോടെ പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആശയങ്ങളെ പ്രായോഗികവത്കരിക്കുന്നതിനും ഉതകുന്ന ഒരു രീതിശാസ്ത്രമാണ് ഇവിടെ പിന്തുടരുന്നത്. ഈ രീതിശാസ്ത്രത്തിന്റെ ഭാഗമായ വിവിധഘട്ടങ്ങളെ ഇവിടെ വിശദീകരിക്കുന്നു.

## 3.1 പ്രശ്നസമാഹരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സമാഹരിക്കുന്നതിനുള്ള ഒരു ജനകീയ പ്രവർത്തനമാണ് ആദ്യഘട്ടത്തിൽ പ്രാദേശിക ഗവൺമെന്റ് തലത്തിൽ നടക്കേണ്ടത്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രേഖകളുടെ പരിശോധന, പ്രാദേശിക ഗവൺമെന്റുകളുമായി ബന്ധപ്പെട്ട വിവിധ കക്ഷികൾ, വ്യക്തികൾ എന്നിവരുമായുള്ള ചർച്ചകൾ എന്നിവ നടത്താവുന്നതാണ്.

### 3.1.1 നിലവിലെ വികസന രേഖയുടെ പരിശോധന

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പതിനാലാം പദ്ധതിയുടെ ഭാഗമായി ഇതിനോടകം തയ്യാറാക്കിയിട്ടുള്ള വികസന രേഖയിലും അവസ്ഥാ റിപ്പോർട്ടുകളിലും (status reports) ഓരോ വിഷയമേഖലകളിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. അവയിൽനിന്നുള്ള നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പ്ലാനിംഗ് കമ്മിറ്റി വൈസ് ചെയർപേഴ്സൺ, വ്യവസായ വകുപ്പ് ഇന്റേൺ, എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ കമ്മ്യൂണിറ്റി അംബാസിഡർ (കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ),

യുവജനക്ഷേമബോർഡിന്റെ ഭാഗമായ യൂത്ത് കോർഡിനേറ്റർ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ എന്നിവരടങ്ങിയ പ്രാദേശിക വിദഗ്ധ സംഘം പരിശോധിച്ച് ക്രോഡീകരിക്കേണ്ടതാണ്.

### 3.1.2 ബന്ധപ്പെട്ട വിവിധ കക്ഷികളുമായുള്ള ചർച്ചകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഘങ്ങളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ബന്ധപ്പെട്ട വിവിധ കക്ഷികളുമായുള്ള ചർച്ചകൾ നടത്തി ഓരോ മേഖലയിലും നേരിടുന്ന പ്രശ്നങ്ങൾ, പുതിയ ആശയങ്ങൾ എന്നിവ സമാഹരിക്കും. താഴെപ്പറയുന്ന കക്ഷികളെ ചർച്ചകളിൽ പങ്കാളികളാക്കാം.

- കാർഷിക കൂട്ടായ്മ, പാടശേഖരസമിതി
- ചെറുകിട സംരംഭകർ
- മാലിന്യ ശേഖരണ തൊഴിലാളികൾ/ സ്ഥാപനങ്ങൾ
- ക്ഷീരകർഷകർ
- മത്സ്യത്തൊഴിലാളികൾ
- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൂട്ടായ്മകൾ
- കുടുംബശ്രീ
- അദ്ധ്യാപകർ /വിദ്യാഭ്യാസ പ്രവർത്തകർ
- ആരോഗ്യപ്രവർത്തകർ
- ഐടി മേഖലയിൽ വൈദഗ്ധ്യമുള്ളവർ
- നിർമാണ മേഖലയിലെ പ്രവർത്തകരും/ വിദഗ്ധരും
- പരമ്പരാഗത വ്യവസായ മേഖലകൾ
- ഭക്ഷ്യഉൽപാദന,സംസ്കരണ,വിതരണമേഖലയിൽ പ്രവർത്തിക്കുന്നവർ
- വയോജന കൂട്ടായ്മകൾ
- യുവജന കൂട്ടായ്മകൾ
- കുട്ടികളുടെ കൂട്ടായ്മകൾ
- ദുരന്തബാധിത പ്രദേശങ്ങളിൽ താമസിക്കുന്നവരും ദുരന്തനിവാരണ സന്നദ്ധപ്രവർത്തകരും
- ഊർജ്ജ രംഗത്ത് പ്രവർത്തിക്കുന്നവർ
- സ്വകാര്യസംരംഭകർ
- സ്ഥലീയ ആസൂത്രണ /ഗതാഗത രംഗത്ത് പ്രവർത്തിക്കുന്നവർ
- സാംസ്കാരിക-പൈതൃക/കലാ-കായിക മേഖലകളിൽ പ്രവർത്തിക്കുന്നവർ

ഓരോ വിഷയത്തെ സംബന്ധിച്ച ചർച്ചകളിലും അതത് വിഷയവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ കൂടി പങ്കാളികളാക്കണം. ഈ ചർച്ചകൾ സംഘടിപ്പിക്കേണ്ടതും ക്രോഡീകരിക്കേണ്ടതും മേൽ സൂചിപ്പിച്ച പ്രാദേശിക വിദഗ്ധ സംഘങ്ങളുടെ നേതൃത്വത്തിൽ ആയിരിക്കണം.

### 3.1.3. പ്രശ്നങ്ങളുടെ മുൻഗണന നിശ്ചയിക്കലും പ്രശ്ന പ്രസ്താവനകൾ (Problem Statement) തയ്യാറാക്കലും

തദ്ദേശ സ്വയംഭരണ സ്ഥാപനതല ചർച്ചകളിൽ നിന്നുയർന്നുവരുന്ന പ്രശ്നങ്ങളിൽ അഭിസംബോധന ചെയ്യേണ്ട പ്രശ്നങ്ങളുടെ മുൻഗണന തദ്ദേശ സ്വയംഭരണ സ്ഥാപന വിദഗ്ധ സമിതികൾ ചർച്ച ചെയ്തു തീരുമാനിക്കണം. ഇത്തരത്തിൽ മുൻഗണന നിശ്ചയിക്കുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായ രീതിയിൽ പ്രശ്നപ്രസ്താവനകളായി എഴുതി തയ്യാറാക്കേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

a. പ്രശ്നത്തിന്റെ സ്വഭാവം

b. പ്രശ്നം ബാധിക്കുന്ന മേഖല

c. ബാധിക്കുന്ന ജനവിഭാഗങ്ങളും പ്രദേശങ്ങളും

d. സൃഷ്ടിക്കുന്ന പ്രതിസന്ധികൾ

e. കാരണമാകുന്ന ഘടകങ്ങൾ

f. പ്രശ്നം പരിഹരിക്കുന്നതിനുള്ള സാധ്യതകൾ

g. പ്രശ്നം പരിഹരിക്കുന്നതിന് സാങ്കേതികവിദ്യ, പ്രക്രിയ വികസനം, ഉൽപന്ന വികസനം, സംഘടനാരൂപത്തിന്റെ നവീകരണം എന്നീ തലത്തിൽ നടക്കേണ്ട ഇടപെടലുകൾ. തദ്ദേശ സ്വയംഭരണ സ്ഥാപന വിദഗ്ധ സമിതികളുടെ പിന്തുണയോടെ വേണം പ്രശ്ന പ്രസ്താവന തയ്യാറാക്കാൻ.

### 3.2 പ്രശ്ന പ്രസ്താവനകൾ/ ആശയങ്ങൾ സമാഹരിക്കൽ

OLOI പോർട്ടലിൽ പ്രശ്ന പ്രസ്താവനകൾ/ ആശയങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ, ഓരോന്നിനും പ്രോബ്ലം ക്യാൻവാസുകൾ സൃഷ്ടിക്കുന്നതിനുവേണ്ടി ശേഖരിക്കും. പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് മൂല്യനിർണ്ണയത്തിനുമായി ഈ പ്രോബ്ലം ക്യാൻവാസുകൾ സിഒപികൾക്ക് കൈമാറും.

പ്രശ്ന-ആശയ സമാഹരണത്തിലൂടെ ലഭിച്ച കാര്യങ്ങൾ മൂന്നായി തരംതിരിക്കണം:

a. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തലത്തിൽ തന്നെ പരിഹരിക്കാവുന്ന പ്രശ്നങ്ങൾ – ഇവ ചിട്ടപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം. ഇവയൊന്നുംതന്നെ OLOI പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകേണ്ടതില്ല.

b. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വയം പരിഹാരം കണ്ടെത്താനാകാത്തതും ബാഹ്യ സഹായത്തോടെ പരിഹാരം കാണാവുന്നതുമായ പ്രശ്നങ്ങൾ, OLOI പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിലേക്ക് പരിശോധനയ്ക്കായി നൽകേണ്ടതാണ്. ഇവ സമാഹരിക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനതല വിദഗ്ധസമിതിക്ക് ആയിരിക്കും.

c. കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസുകൾക്ക് പരിഹരിക്കാൻ കഴിയാത്ത പ്രാദേശിക പ്രശ്നങ്ങൾ ഓരോ ജില്ലയിലും പൊതു ആശയ സമാഹരണം ഹാക്കത്തോൺ വഴി നടത്തി പരിഹാര നിർദ്ദേശങ്ങൾ നൽകും.

OLOI പോർട്ടൽ വഴി ലഭ്യമായ നൂതന ആശയങ്ങൾ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന് കൈമാറും. ഇവയുടെ സാധ്യതാ പഠനത്തിനും വിശകലനത്തിനും ശേഷം ഇവയ്ക്ക് ആവശ്യമായ പിന്തുണ നൽകുന്ന പ്രാദേശിക ഇന്നൊവേഷൻ പ്രോഗ്രാം വഴി പ്രത്യേകമായ പിന്തുണ K-DISC ലഭ്യമാക്കും. താഴെകാണുന്ന രേഖ ചിത്രം 2 അനുസരിച്ചാണ് പ്രശ്ന പ്രസ്താവനകൾ/ആശയങ്ങൾ സമാഹരിക്കൽ.




*ചിത്രം 2. പ്രശ്ന പ്രസ്താവനകൾ/ആശയങ്ങൾ സമാഹരിക്കൽ*

## 3.3 നൂതനാശയ സമാഹരണവും പ്രാദേശിക ഇന്നൊവേഷൻ പദ്ധതിയും

പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന നൂതനാശയങ്ങൾ ആയിരിക്കും പ്രാദേശിക ഇന്നൊവേഷൻ പ്രോഗ്രാമിന് കീഴിൽ വരിക. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നൂതനാശയങ്ങൾ സമാഹരിക്കാനായി യൂത്ത് അസംബ്ലികൾ സംഘടിപ്പിക്കാവുന്നതാണ്. യുവജന സംഘടനാ പ്രതിനിധികൾ, യൂത്ത് ക്ലബ്ബുകളുടെ പ്രതിനിധികൾ, യുവസംരംഭകർ, വിവിധ മേഖലകളിൽ ഉന്നത വിദ്യാഭ്യാസം നേടിയ യുവാക്കൾ, ഗവേഷകർ/ ഗവേഷണ വിദ്യാർത്ഥികൾ എന്നിവരെ ഈ കൂട്ടായ്മയിലേക്ക് വിളിക്കാം. ഇതിലൂടെ സമാഹരിക്കപ്പെടുന്ന ആശയങ്ങളാകും പ്രാദേശിക ഇന്നൊവേഷൻ പരിപാടിയുടെ ഭാഗമാകുക. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു പുറത്തുള്ളവരെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ഇതിൽ പങ്കാളികളാക്കാവുന്നതാണ്. ഈ ആശയങ്ങൾ നടപ്പിലാക്കലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാര നിർവ്വഹണവും സമാന്തരമായി നടപ്പിലാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അകത്തു നടക്കുന്ന ചർച്ചപോലെ തന്നെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വികസനത്തിൽ തല്പരരായ പ്രദേശിക വാസികളെയും പുറത്തുമുള്ളവരെയും കഴിയാവുന്നത്ര ബന്ധിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവാദങ്ങൾ OLOI പദ്ധതിയുടെ നൂതനാശയ സമാഹരണത്തിനായി സംഘടിപ്പിക്കാവുന്നതാണ്. താഴെകാണുന്ന രേഖ ചിത്രം 3 അനുസരിച്ചാണ് നൂതനസായ സമാഹരണം വഴി കണ്ടെത്തുന്ന ആശയങ്ങൾ OLOI പദ്ധതിയിൽ നടപ്പിലാക്കേണ്ടത്.




*ചിത്രം 3. നൂതനസായ സമാഹരണം*

### 3.4 കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് രൂപീകരണവും ഡിസ്ട്രിക്ട് റിസോഴ്സ് സെന്റർ ചർച്ചകളും

OLOI യുടെ സുഗമമായ നിർവ്വഹണത്തിനായി ജില്ലാതലത്തിൽ 27 വിഷയ മേഖലകളിൽ ചുരുങ്ങിയത് രണ്ട് പേർ ഉൾപ്പെട്ട കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് ഗ്രൂപ്പ് രൂപീകരിക്കും. അതത് വിഷയമേഖലകളിലെ അക്കാദമിക വിദഗ്ധർ പ്രായോഗിക പ്രവർത്തനങ്ങളിൽ വിദഗ്ധരായവർ എന്നിവരെയായിരിക്കും ഇതിൽ ഉൾപ്പെടുത്തുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വരുന്ന പ്രശ്നങ്ങളിലും ആശയങ്ങളിലും വ്യക്തത വരുത്തുന്നതും അവയെ പദ്ധതികളാക്കി മാറ്റി സഹായിക്കുന്നതും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന്റെ ഉത്തരവാദിത്തം ആയിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രശ്നങ്ങളുടെയും/ആശയങ്ങളുടെ പട്ടിക CoPകൾ ക്രമീകരിച്ചു കഴിഞ്ഞാൽ, ലഭ്യമായ പരിഹാരങ്ങളും സാധ്യമായ പരിഹാരമാർഗങ്ങളും വിലയിരുത്താനോ അല്ലങ്കിൽ അടുത്തതലമായ ഹാക്കത്തോണിലേയ്ക്ക് പോകാനോ കഴിയും. ആവശ്യമായ പരിഹാരങ്ങൾക്ക് മാർഗ്ഗനിർദ്ദേശം ആവശ്യമുണ്ടോ എന്നും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ ആവശ്യമുണ്ടോ എന്നും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന് നിശ്ചയിക്കാം. ഇതിനായി കിലയുടെ റിസോഴ്സ് പേഴ്സൺമാർക്കും ജില്ലാ റിസോഴ്സ് സെന്ററുകൾക്കുമൊപ്പം സിഐപികൾ പിന്തുണ നൽകും. കെ-ഡിസ്ക് പ്രാവർത്തികമാക്കുന്ന ക്വാഡ്രിപ്പ്ൾ (Quadruple) ഹെലിക്സ് മോഡൽ ഉപയോഗിച്ച്, ആവശ്യമായി വരുന്ന ചെലവുകളും പ്രതിബന്ധസാധ്യതാ വിലയിരുത്തലുകളും അടങ്ങിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് സിഐപികൾക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ അക്കാദമിക സ്ഥാപനങ്ങൾക്ക് കഴിയും. ജില്ലാ റിസോഴ്സ് സെന്റർ ഡിപിആറിന്റെ അന്തിമ രൂപീകരണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനത്തിലും മൂല്യനിർണ്ണത്തിലും നടപടിക്രമങ്ങളിലും സഹായിക്കുകയും ചെയ്യും. പ്രാദേശിക ഇന്നൊവേഷൻ പരിപാടിയുടെ കാര്യത്തിൽ, കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് ആശയങ്ങളെ പ്രായോഗിക പരിപാടികളാക്കാൻ സഹായിക്കും.

### 3.5 നടപ്പാക്കൽ മാർഗ്ഗനിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഹാരങ്ങൾ തിരഞ്ഞെടുത്തു കഴിഞ്ഞാൽ, സിഐപികൾ അവ നടപ്പാക്കുന്ന പ്രക്രിയയിലേയ്ക്ക് കടക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അതിലേക്ക് നയിക്കുകയും ചെയ്യും. പരിഹാരങ്ങൾ / ആശയങ്ങൾ നടപ്പിലാക്കുന്നത് ഏകോപിപ്പിക്കാനായി ഈ ഘട്ടത്തിൽ അക്കാദമിക സ്ഥാപനങ്ങളുമായും കില റിസോഴ്സ് പേഴ്സൺമാരുമായും കെ-ഡിസ്ക് പ്രോഗ്രാം എക്സിക്യൂട്ടീവുകളുമായും സിഐപികൾക്ക് ബന്ധം ഉണ്ടായിരിക്കും. പരിഹാരങ്ങൾ / ആശയങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ക്വാഡ്രിപ്പ്ൾ (Quadruple) ഹെലിക്സ് മാതൃക സൃഷ്ടിക്കുന്നതിൽ ഈ ഘട്ടത്തിൽ ജില്ലാ ഇന്നൊവേഷൻ കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും പങ്കാളികളാകും.

സുസ്ഥിരത പരിശോധിക്കുന്നതിനായി വിലയിരുത്തിയിട്ടുള്ള പരിഹാരങ്ങളും ആശയങ്ങളും സിഐപികൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യും. ഇവയിൽനിന്ന് പ്രയോജനം ലഭിച്ചേക്കാവുന്ന മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി പരിഗണിക്കാനും പ്രത്യേക സാഹചര്യങ്ങളിൽ അതിന്റെ സാധ്യത പരിശോധിക്കാനും ഇത് അവരെ പ്രാപ്തരാക്കും.

### 3.6 വിശദമായ പദ്ധതി രേഖകൾ (Detailed Project Reports) തയ്യാറാക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പരിഹാരമുൻഗണന നിശ്ചയിച്ച പ്രശ്നങ്ങൾക്ക് വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കുക എന്നതാണ് അടുത്ത ഘട്ടം. ഇതിനായി വിവിധതലത്തിലുള്ള

വിദഗ്ധരുടെയും സ്ഥാപനങ്ങളുടേയും സംയോജിതമായ പ്രവർത്തനം കെഡിസ്ക് സാധ്യമാക്കും. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിദഗ്ധ സമിതികളാണ് ഈപ്രവർത്തനത്തിനു നേതൃത്വം നൽകേണ്ടത്. അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുക എന്നതാണ് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസുകളുടെ ഉത്തരവാദിത്തം. ഈ ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, അതത് വിഷയ മേഖലകളുമായി ബന്ധിപ്പിക്കാൻ കഴിയുന്ന അക്കാദമിക സ്ഥാപനങ്ങളുടെ സേവനം വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കുന്നതിന് തേടാവുന്നതാണ്. വിദഗ്ധമായ പദ്ധതി രേഖകൾക്ക് താഴെപ്പറയുന്ന ഉള്ളടക്കം ഉണ്ടാകാം.

**a. പശ്ചാത്തലം**

പദ്ധതിയുടെ പ്രാധാന്യം, പദ്ധതി അനിവാര്യമാകുന്ന സാഹചര്യം, ഇതു തുറന്നുതരുന്ന സാധ്യതകൾ, ഇതിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങൾ, പൊതുവിലുള്ള നേട്ടം എന്നിവ ആമുഖത്തിൽ പ്രതിപാദിക്കാം.

**b. ലക്ഷ്യങ്ങൾ**

പദ്ധതിയുടെ മുഖ്യലക്ഷ്യം, ഉപലക്ഷ്യം എന്നിവ അക്കമിട്ട് ഈ ഭാഗത്ത് വിശദമാക്കാം.

**c. രീതിശാസ്ത്രം**

പദ്ധതി സ്വീകരിക്കുന്ന നിർവ്വഹണസമീപനം അഥവാ നടത്തിപ്പിന്റെ രീതി, ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ, സംഘടനാ രൂപങ്ങൾ എന്നിവ ഇവിടെ വിശദമാക്കാം.

**d. പ്രവർത്തന ഘട്ടങ്ങൾ**

പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ, അവയുടെ ഘട്ടങ്ങൾ എന്നിവ ഈ ഭാഗത്ത് വിശദീകരിക്കാം. ഓരോ പ്രവർത്തനത്തിന്റെയും സമയക്രമം അടങ്ങിയ പട്ടികയും ഇവിടെ നൽകാം.

**e. ധനകാര്യ വിശകലനവും വിഭവ സമാഹരണവും**

പദ്ധതിക്ക് ഓരോ ഘട്ടത്തിലും ഘടകങ്ങളിലുമുള്ള ചെലവുകൾ അതിനാവശ്യമായ ധനവിഭവങ്ങൾ എന്നിവ ഇവിടെ വിശദീകരിക്കാം. പദ്ധതിയുടെ സാങ്കേതിക വിജയക്ഷമത സംബന്ധിച്ച വിവരങ്ങളും, ബ്രേക്ക്- ഈവൻ അനാലിസിസ് സാധ്യമായ ഇടങ്ങളിൽ അതും ഇവിടെ വിശദമാക്കാം. പദ്ധതിക്ക് ആവശ്യമായ വിഭവങ്ങൾ, ഏതൊക്കെ പദ്ധതികളുമായി ബന്ധിപ്പിക്കാം, സി.എസ്.ആർ, സഹകരണ മേഖലയിലെ പൊതുനന്മ ഫണ്ട്, ക്രൗഡ് ഫണ്ടിംഗ് മുതലായ സാമ്പത്തിക സമാഹരണ രീതികൾ ലഭ്യമാക്കാം.

**f. സംഘടനാ രൂപങ്ങൾ**

പദ്ധതി നടപ്പിലാക്കാനുള്ള സംഘടനാ സംവിധാനം എന്താണെന്ന് ഈ ഘട്ടത്തിൽ വിശദീകരിക്കാം. നിലവിലുള്ള സംഘടനാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ട കാര്യങ്ങൾ അങ്ങനെയും പുതിയവ അങ്ങനെയും രേഖപ്പെടുത്താം.

**g. പ്രതീക്ഷിത നേട്ടങ്ങൾ**

വിശദമായ പദ്ധതി രൂപരേഖയുടെ അവസാനതലത്തിൽ ഓരോ പദ്ധതിയും നടപ്പിലാക്കിയതു കൊണ്ടുള്ള ഭൗതികവും സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങൾ പട്ടികപ്പെടുത്താം.

## 3.7 പദ്ധതി അംഗീകാരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതിരേഖകൾ അവരുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി) യുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ഡി.പി.സിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനു മുൻപ് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് ഉൾപ്പെട്ട ഡിസ്ട്രിക്ട് റിസോഴ്സ് സെന്റർ (ഡി. ആർ. സി.) യോഗങ്ങളിൽ ഈ പദ്ധതി അവതരിപ്പിച്ച് ചർച്ച ചെയ്ത് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തേണ്ടതാണ്.

**"നൂതനാശയങ്ങളും സങ്കീർണ്ണ പ്രശ്നങ്ങളും പദ്ധതികൾ ആയി മാറുന്നു എന്നതിനാൽ ജില്ലാ ആസൂത്രണ സമിതികൾ ഇതുവരെ കൈകാര്യം ചെയ്യാത്തതും പരമ്പരാഗത സ്വഭാവത്തിന് വ്യത്യസ്തവുമായ പദ്ധതികൾ ആയിരിക്കും OLOIൽ കടന്നു വരിക. ഇതിനാൽത്തന്നെ ഇത്തരം പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള പ്രത്യേക പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. ഇത്തരം പദ്ധതികളെ പരമാവധി പ്രോത്സാഹിപ്പിക്കുക എന്നതാകണം ഡി. ആർ. സി. യും ജില്ലാ ആസൂത്രണ സമിതിയും കൈക്കൊള്ളേണ്ടത്."**

## 3.8 പദ്ധതി നിർവ്വഹണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർവ്വഹണങ്ങളുടെ ഭാഗമായാണ് OLOI പദ്ധതികളും നിർവ്വഹിക്കപ്പെടേണ്ടത്. എങ്കിലും ഇത്തരം പദ്ധതികളുടെ നിർവ്വഹണത്തിന് സാങ്കേതിക സ്ഥാപനങ്ങൾ, അക്കാദമിക സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരുടെ പിന്തുണ ആവശ്യമായി വന്നേക്കാം. ഇതിനാൽതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനതല വിദഗ്ധസമിതി ഈ പദ്ധതികളുടെ നിർവ്വഹണത്തിന് ഒരു പിന്തുണ സമിതിയായി കൂടി പ്രവർത്തിക്കണം.

## 3.9 മോണിറ്ററിംഗ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതത് മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് തന്നെയാകും മോണിറ്ററിംഗിന്റെ പൊതുചുമതല. എന്നാൽ തദ്ദേശ സ്ഥാപനത്തിലെ വിദഗ്ധ സമിതി ഓരോ മാസവും പദ്ധതിയുടെ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തലുകൾ നടത്തി പെർഫോമൻസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ട് സംസ്ഥാന തലത്തിൽ തയ്യാറാക്കുന്ന പൊതു പോർട്ടലിൽ ലഭ്യമാകും. OLOI പദ്ധതി നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ രൂപീകരിക്കുന്ന വിദഗ്ധ സമിതി ഓരോ വർഷവും പദ്ധതിയുടെ ഒരു വിലയിരുത്തൽ നടത്തി അതിന്റെ ഒരു സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭകൾ, വികസന സെമിനാർ എന്നിവിടങ്ങളിൽ അവതരിപ്പിക്കേണ്ടതുണ്ട്.

- കെ-ഡിസ്കിന്റെ നേതൃത്വത്തിലുള്ള നൂതന ആശയങ്ങളെയും ഉല്പന്നങ്ങളെയും സംഘടനാ രൂപങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഒഎൽഒഐ പോർട്ടൽ ശേഖരിക്കും.

## 3.10 OLOI പോർട്ടൽ

പ്രശ്നസമാഹരണത്തിനും നൂതന ആശയ ശേഖരണത്തിനുമായി നിശ്ചിത ഫോർമാറ്റിലുള്ള ഒരു ഓൺലൈൻ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

- പ്രശ്നപ്രസ്താവനകളും (പ്രോബ്ലം സ്റ്റേറ്റ്മെന്റ്) പരിഹാരങ്ങളും സമർപ്പിക്കുന്നതിന് ഈ സംവിധാനം സഹായിക്കും.
- OLOI പോർട്ടലിലൂടെ സമർപ്പിച്ച പ്രശ്നപ്രസ്താവനകളും പരിഹാരങ്ങളും വിദഗ്ധസമിതി പരിശോധിക്കും.
- മലയാളത്തിലും ഇംഗ്ലീഷിലും പ്രശ്നപ്രസ്താവനകളും പരിഹാരങ്ങളും സമർപ്പിക്കാവുന്നതാണ്.

# അദ്ധ്യായം 4

# കമ്യൂണിറ്റി ഓഫ് പ്രാക്ടീസും ഹാക്കത്തോണും

## 4.1 OLOI യിലെ കമ്യൂണിറ്റി ഓഫ് പ്രാക്ടീസ്

കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP) എന്നത് കൊണ്ട് അർത്ഥമാക്കുന്നത് കൂട്ടായ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായും, പ്രശ്നപരിഹാരത്തിനായും, അറിവ് പങ്കുവെക്കുന്നതിനായും, നൂതന ആശയ നിർമിതിക്കായും ഒത്തുചേരുന്ന പ്രൊഫഷണലുകളുടെയും വിദഗ്ധരുടെയും ഒരു കൂട്ടായ്മയെയാണ്. താൽപ്പര്യമുള്ള മേഖലയിൽ, ഏകോപിത ശ്രമങ്ങളിലൂടെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കാനും പ്രയോഗത്തിനുതകുന്ന അറിവിന്റെ സഞ്ചയം കെട്ടിപ്പടുക്കാനുമുള്ള പ്രയോഗത്തിനായി പ്രചോദിതരായ വ്യക്തികളുടെ ഒത്തുചേരൽ എന്നും CoP യെ കാണാവുന്നതാണ്. OLOI എന്ന പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി CoP പ്രവർത്തിക്കും. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ നൂതന ആശയ രൂപീകരണത്തിനും നടപ്പിലാക്കലിനും വേണ്ട വിദഗ്ധ അഭിപ്രായങ്ങൾ നൽകുന്നത് CoP യാണ്. തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് വരുന്ന പ്രശ്നങ്ങളിലും ആശയങ്ങളിലും വ്യക്തത വരുത്താനും അവയെ പദ്ധതികളാക്കി മാറ്റാനും സന്നദ്ധയോടെ പ്രവർത്തിക്കുന്ന ഈ കൂട്ടായ്മ സഹായിക്കും. CoP യിലെ അംഗങ്ങൾ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവരാണ്. അതിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരും, ഇപ്പോൾ പ്രവർത്തിക്കുന്നവരും, പ്രായോഗിക അനുഭവമുള്ളവരും, അക്കാദമിക വിദഗ്ധരും, ഉൾപ്പെടും. സൈദ്ധാന്തികമായി അറിവുള്ളവരെയും, പ്രായോഗിക അറിവുള്ളവരെയും ചേർത്താണ് CoP രൂപീകരിച്ചിട്ടുള്ളത്.

നൂതന പരിഹാരങ്ങൾ ആവശ്യമായ, സമൂഹത്തിന്റെ യഥാർത്ഥ-ജീവിത പ്രശ്നങ്ങൾക്ക് (real-life problems) ജനകീയ പങ്കാളിത്തത്തോടെ പരിഹാരം കണ്ടെത്താനുള്ള ഒരു മാർഗമാണ് CoP യിലൂടെ സാധ്യമാവുന്നത്. യഥാർത്ഥ-ജീവിത പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ സാമൂഹിക സാഹചര്യങ്ങൾ പരിഗണിക്കുന്നതും സുസ്ഥിരമായതും ആവണം. ഇത്തരത്തിൽ പരിഹാരം കാണാനും അത് നടപ്പിലാക്കാനും CoP പോലെ വ്യത്യസ്ത വൈദഗ്ധ്യവും ഉള്ളവരുടെ കൂട്ടായ്മ ആവശ്യമാണ്. ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു അറിവ് നിർമാണത്തിന് മാത്രമേ പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസരിച്ച പരിഹാരങ്ങൾ വിജകരമായി പൂർത്തിയാക്കാൻ സാധിക്കൂ. അക്കാദമിക രംഗത്തുള്ളവരുടെയും, പ്രായോഗിക പരിജ്ഞാനമുള്ളവരുടെയും, അതാത് മേഖലയിലെ വിദഗ്ധരുടെയും, കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ—ക്രിയാത്മക പ്രക്രിയയിലൂടെ ഉത്തരം കണ്ടെത്തേണ്ട സങ്കീർണ്ണ പ്രശ്നങ്ങൾക്ക്—പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

OLOI നടത്തിപ്പിനായി 27 വിഷയമേഖലകളാണ് (themes) കണ്ടെത്തിയിട്ടുള്ളത്. 27 വിഷയമേഖലകളിൽ ഓരോന്നിലും പ്രാക്ടീഷണർമാരും വിദഗ്ധരും ഉൾപ്പെടെ എല്ലാ ജില്ലകളിലും ജില്ലാ CoP

കളും (District CoP), ഓരോ 27 വിഷയമേഖലകൾക്കുമായി സംസ്ഥാന CoP കളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ CoP യിൽ ഓരോ വിഷയമേഖലയിലെയും മൂന്നോ അതിലധികമോ അംഗങ്ങൾ വീതം ഉണ്ടാവും. ഓരോ വിഷയമേഖലയിലേയും സംസ്ഥാന CoP യെ അതാത് മേഖലയിലെ ഒരു ഡൊമൈൻ (domain) സ്ഥാപനത്തിനോട് ബന്ധിപ്പിച്ചിരിക്കുന്നു. (ഉദാ. കൃഷിയുടെ CoP യുടെ ഡൊമൈൻ സ്ഥാപനം അഗ്രികൾച്ചർ സർവകലാശാലയാണ്). സമാനമായി ഓരോ ജില്ലാ CoP യ്ക്കും അതാത് ജില്ലയിൽ ഡൊമൈൻ സ്ഥാപനങ്ങൾ ഉണ്ടാവും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും ബന്ധിപ്പിക്കാവുന്ന അക്കാദമിക സ്ഥാപനങ്ങളെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കാനും പിന്തുണ സംവിധാനമായി മാറാനും CoP കഴിയുന്നു. ഇത്തരത്തിൽ പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും, നാടിന്റെ വികസനത്തിനും, നമ്മുടെ നാട്ടിൽ നിർമ്മിക്കപ്പെടുന്ന അറിവ് ഉപകാരപ്പെടുത്താനുള്ള ഒരു വ്യവസ്ഥ (eco system) കെട്ടിപ്പടുക്കാൻ CoP വഴിയൊരുക്കുന്നു.

### 4.1.1 CoP യുടെ ചുമതലകൾ

- പ്രശ്ന പ്രസ്താവനകളും ആശയങ്ങളും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സ്വീകരിക്കുകയും അവയെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും ചെയ്യും.
- പ്രശ്ന പ്രസ്താവനകൾ പരിശോധിക്കുകയും പരിഹാരനിർദ്ദേശങ്ങൾ നൽകുകയും, അല്ലെങ്കിൽ ഹാക്കത്തോണിലേക്ക് നൽകുകയും ചെയ്യും.
- യഥാർത്ഥ-ജീവിത പ്രശ്നങ്ങൾക്ക് പ്രായോഗികവും സുസ്ഥിരവുമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിന് നവീന ആശയക്കാർക്ക് (innovators) CoP മാർഗ്ഗനിർദേശ പിന്തുണ നൽകും.
- CoP ആശയങ്ങളെ പ്രായോഗിക പരിപാടികളാക്കാൻ തുടർഘട്ടങ്ങളിൽ ഇന്നൊവേറ്റർമാർക്ക് ആവശ്യമായ പിന്തുണ നൽകുകയും, ആവശ്യമുള്ളിടത്ത് ആശയത്തിന്റെ തെളിവ് (proof of concept) സൃഷ്ടിക്കുന്നതിന് ഇന്നൊവേറ്റർമാരെ സഹായിക്കുകയും ചെയ്യും.
- അക്കാദമിക സ്ഥാപനങ്ങളുടെയും വിദഗ്ധരുടെ പിന്തുണയോടെ പദ്ധതി നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകും.

## 4.2 നൂതനാശയങ്ങൾക്ക് ഹാക്കത്തോൺ

ഇന്നൊവേഷനുകൾക്ക് പലപ്പോഴും ചിന്തകൾക്ക് പുറത്തുള്ള ചിന്തകൾ ആവശ്യമാണ്. ഹാക്കത്തോൺ അതിനുള്ള അവസരം നൽകുന്നു. സാങ്കേതികമോ ആശയപരമോ ആയ പ്രശ്നങ്ങളിലാണ് ഹാക്കത്തോൺ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരൊറ്റ ആശയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, യഥാർത്ഥ പ്രശ്നം പരിഹരിക്കുന്നതിന് നൂതനമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നുവെന്നതാണ് ഹാക്കത്തോണിന്റെ പ്രാധാന്യം. ആശയങ്ങളുടെ വിവിധ സ്രോതസ്സിൽ നിന്നുള്ള വൈവിധ്യമാർന്ന സമാഹരണത്തിന് ഹാക്കത്തോൺ അവസരമൊരുക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തലത്തിൽ പരിഹരിക്കാൻ കഴിയാത്തതും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന് പരിഹാരം കണ്ടെത്താൻ കഴിയാത്തതുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു ജനകീയ ആശയ സമാഹരണരീതിയാണ് ഹാക്കത്തോൺ. ഹാക്കത്തോണുകൾ വഴി വൈവിധ്യമാർന്ന നൂതന (innovative) ആശയങ്ങളുടെ സമാഹരണം സാധ്യമാകും. ഇത് പ്രശ്നപ്രസ്താവനയുടെ അടിസ്ഥാനത്തിൽ പൊതുസമൂഹത്തിലെ നൂതനാശയ രൂപകർത്താക്കൾക്ക് തങ്ങളുടെ ആശയങ്ങൾ പൊതുവേദികളിൽ അവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു. ഹാക്കത്തോണിലൂടെ ഉയർന്നുവരുന്ന ആശയങ്ങൾ അവയുടെ പ്രായോഗികതയും സാങ്കേതിക-സാമ്പത്തിക ക്ഷമതയും പരിശോധിച്ച് പദ്ധതികളാക്കി മാറ്റാൻ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ഡിസ്ട്രിക്ട് റിസോഴ്സ് ഗ്രൂപ്പ് എന്നിവർ സഹായിക്കുന്നു.

# അദ്ധ്യായം 5

# ഒരു തദ്ദേശ സ്ഥാപനം ഒരാശയം പിന്തുണാ സംവിധാനങ്ങളും സംയോജന സാധ്യതകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പ്രശ്നങ്ങളും നൂതന ആശയങ്ങളും വികസിപ്പിച്ച് പ്രാദേശിക സാമ്പത്തിക വികസനത്തിനുതകുന്ന പദ്ധതികളും പരിപാടികളും ജനകീയ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ പുതിയ ഇടപെടലാണ് OLOI. K-DISC ഉം, കിലയും ചേർന്നാണ് ഈ പദ്ധതിക്കുള്ള പ്രധാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, ഏജൻസികൾ, അക്കാദമിക – ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, സഹകരണ ബാങ്കിങ് സ്ഥാപനങ്ങൾ, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹ്യാധിഷ്ഠിത സംഘടനകൾ, യുവജന സംഘടനകൾ, ഗ്രന്ഥശാലകൾ എന്നിവരുടെ പിന്തുണയും സംയോജിത പ്രവർത്തനങ്ങളും പദ്ധതിയുടെ വിജയത്തിന് ആവശ്യമാണ്. ഓരോ സംവിധാനത്തിൽ നിന്നും ലഭ്യമാകുന്ന പിന്തുണകൾ താഴെ കൊടുക്കുന്നു.

## 5.1 പൊതു സംഘടനാസംവിധാനം

ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം എന്ന പദ്ധതിയിലെ പ്രധാന പങ്കാളി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്ത്/നഗര സഭകൾ/കോർപ്പറേഷൻ തലത്തിൽ ആണ് ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കേണ്ടതെങ്കിലും ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്കും വിവിധ പ്രവർത്തന ഘട്ടങ്ങളിൽ പങ്കാളിത്തമുണ്ടായിരിക്കും. ഈ തലങ്ങളിലും ഈ പദ്ധതി പിന്നീട് നടപ്പിലാക്കപ്പെടുകയും ചെയ്യുന്നു.

### a. ഗ്രാമ പഞ്ചായത്തുകൾ/നഗരസഭകൾ/കോർപ്പറേഷൻ

ജനപ്രതിനിധികൾ, ഘടക സ്ഥാപനങ്ങൾ, ആസൂത്രണ സമിതികൾ, കുടുംബശ്രീ സി.ഡി.എസ്., എ.ഡി.എസ്. അയൽക്കൂട്ടങ്ങൾ, വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ, കാർഷിക വികസന സമിതികൾ, ജനകീയ സമിതികൾ, വായനശാലകൾ, സന്നദ്ധ സംഘടനകൾ, നാഷണൽ സർവീസ് സ്കീം യൂണിറ്റുകൾ, സ്കൂൾ പി.ടി.എ., യൂത്ത് കോ-ഓർഡിനേറ്റർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ, സാക്ഷരത പ്രേരക്മാർ, വ്യവസായ വകുപ്പ് ചുമതലപ്പെടുത്തിയ ഇന്റേൺ, സഹകരണ ബാങ്ക് / സഹകരണ സംഘങ്ങൾ/ ധനകാര്യ സ്ഥാപനങ്ങൾ, കില റിസോഴ്സ് പേഴ്സൺമാർ എന്നിവർ ഈ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമാകേണ്ടതുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനത്തിനായി രൂപീകരിക്കുന്ന എൻടപ്രണർഷിപ്പ് ആൻഡ് എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കൗൺസിൽ ആയിരിക്കും തദ്ദേശ സ്വയഭരണ സ്ഥാപനതലത്തിൽ

ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനതല വിദഗ്ധസമിതി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും OLOI പദ്ധതിയുടെ നടത്തിപ്പിനായി വിവിധ മേഖലകളിൽ വിദഗ്ധരായവരുടെ ഒരു സമിതി രൂപീകരിക്കേണ്ടതുണ്ട്.

എൻടപ്രണർഷിപ്പ് ആൻഡ് എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കൗൺസിൽ (EEDC) തദ്ദേശ സ്വയംഭരണ സ്ഥാപനതല വിദഗ്ധസമിതിയുടെ ഒരു ഉപസമിതിയായി പ്രവർത്തിക്കേണ്ടതാണ്. ഇതിന്റെ ഘടന താഴെ പറയുന്നു.

- അദ്ധ്യക്ഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷൻ
- ഉപാദ്ധ്യക്ഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉപാദ്ധ്യക്ഷൻ
- കൺവീനർ - തദ്ദേശ സ്വയംഭരണ സ്ഥാപനതല സെക്രട്ടറി
- ജോയിന്റ് കൺവീനർ - കുടുംബശ്രീ മെമ്പർ സെക്രട്ടറി

**അംഗങ്ങൾ**

- വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
- എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും
- സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ
- കുടുംബശ്രീ സി ഡി എസ് ചെയർ പേഴ്സൺ
- വ്യവസായ വകുപ്പ് ഇന്റേൺ
- യൂത്ത് കോ-ഓർഡിനേറ്റർ
- ബാങ്ക്/ സഹകരണ സ്ഥാപന പ്രതിനിധികൾ
- കുടുംബശ്രീ എം.ഇ.സി.
- വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ
- ചെറുകിട വ്യവസായി സംഘടനാ പ്രതിനിധികൾ
- പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ
- പ്രവാസി സംഘടനാ പ്രതിനിധികൾ
- സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ
- ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അദ്ധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

**OLOI പദ്ധതി അടിസ്ഥാനത്തിൽ EEDC യുടെ ചുമതലകൾ**

- ആശയ സമാഹരണം, പ്രശ്ന പരിഹാരം, പുതു ആശയങ്ങൾ കണ്ടെത്തൽ എന്നിവയ്ക്ക് വേണ്ടിയുള്ള പൊതുസംഘാടന പ്രവർത്തനങ്ങളുടെ നേതൃത്വം.
- വിവിധ തലങ്ങളിൽ ഉള്ള സ്റ്റേക്ക്ഹോൾഡർ ചർച്ചകൾ, പ്രശ്നങ്ങൾ പട്ടികപ്പെടുത്തലും, തരം തിരിക്കലും മുൻഗണനകൾ നിശ്ചയിക്കൽ പ്രാഥമിക പ്രശ്ന പ്രസതാവനകൾ തയ്യാറാക്കൽ, CoP, DRC എന്നിവയുമായുള്ള ഏകോപനം.
- പദ്ധതിയുമായി ബന്ധപ്പെട്ട ദൈനംദിന ഏകോപന ചുമതല ഈ സമിതിയ്ക്കു ആയിരിക്കും.
- ഓൺലൈൻ ഗ്രാമസഭ, യൂത്ത് അസംബ്ലി എന്നിവ സംഘടിപ്പിക്കൽ.

## b. ജില്ലാതല സമിതി

ജില്ലയിലെ എം.പിമാർ, എം.എൽ.എമാർ, ഘടക സ്ഥാപനങ്ങൾ, ആസൂത്രണ ജില്ലാതലത്തിൽ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ഡിസ്ട്രിക് റിസോഴ്സ് സെന്റർ, ജില്ലാ ഇന്നൊവേഷൻ കൗൺസിൽ എന്നിവയുടെ പ്രവർത്തനങ്ങളെ OLOI പദ്ധതിക്കുവേണ്ടി ഏകോപിപ്പിക്കേണ്ടത് ജില്ലാ ആസൂത്രണ

സമിതികളാണ്. അവയ്ക്ക് താഴെപ്പറയുന്ന പങ്ക് നിർവ്വഹിക്കാനുണ്ട്;

1. ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾക്ക് OLOI പദ്ധതി പ്രശ്നങ്ങളും ആശയങ്ങളും കൈമാറുക.
2. കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ഡിസ്ട്രിക് റിസോഴ്സ് ഗ്രൂപ്പ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
3. ആവശ്യഘട്ടങ്ങളിൽ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുക.
4. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുക.
5. ജില്ലാതല ഹാക്കത്തോണുകളുടെ ഏകോപനം നിർവ്വഹിക്കുക
6. ഹാക്കത്തോണുകളെ തുടർച്ചയായി വിശദമായ പഠനത്തിനു വേണ്ടിയുള്ള ടീമുകൾ രൂപപ്പെടുത്തുക
7. അക്കാദമിക സ്ഥാപനങ്ങളെ OLOI പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

സമിതി, വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ, ജില്ലാ ഇന്നൊവേഷൻ കൗൺസിൽ, ജില്ലാ തല ബാങ്കേഴ്സ് കമ്മിറ്റി (DLBC), കുടുംബശ്രീ ജില്ലാ മിഷൻ, ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കോ-ഓർഡിനേഷൻ ആൻഡ് മോണിട്ടറിംഗ് കമ്മിറ്റി (DISHA), ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർ എന്നിവർ ഈ പദ്ധതി പ്രവർത്തനങ്ങളിൽ ഭാഗമാകേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും/നൂതനാശയങ്ങൾ രൂപപ്പെടുത്തുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും ആവശ്യമായ ഇടപെടൽ നടത്താവുന്നതാണ്.

ജില്ലാതലത്തിൽ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ ഒരു ജില്ലാ ഇന്നൊവേഷൻ കൗൺസിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ OLOI യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കാൻ ഒരു ഏകോപന സമിതി പ്രവർത്തിക്കണം. ജില്ലാ ആസൂത്രണ കമ്മിറ്റി യാണ് ഈ പങ്ക് വഹിക്കുക. അതിനു കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾ അതത് വിഷയത്തിൽ COPയ്ക്കൊപ്പം സഹായിക്കുന്ന സംഘടനാ രൂപമായി പ്രവർത്തിക്കും.

## 5.2 പ്രക്രിയാ സംവിധാനം

### എൻടപ്രണർഷിപ്പ് ആൻഡ് എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കൗൺസിൽ (EEDC)

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ തലങ്ങളിലെ കക്ഷികളിൽ നിന്നും ഓൺലൈൻ ഗ്രാമസഭ, യൂത്ത് അസംബ്ലി മുതലായവ വഴി പ്രശ്നങ്ങൾ സ്വീകരിക്കുന്നു.

OLOIയുടെ ഭാഗമായി നടത്തേണ്ടിവരുന്ന ഓരോ പ്രക്രിയകൾക്കും അതത് ഘട്ടങ്ങളിൽ പിന്തുണാ സംവിധാനം ആവശ്യമുണ്ട്.

## 5.3 ആശയ സമാഹരണം

ആശയസമാഹരണത്തിന് വേണ്ടി പൊതുസംഘടന പ്രവർത്തനങ്ങളുടെ നേതൃത്വം അതതു തദ്ദേശ സ്വയഭരണ സ്ഥാപനത്തിലെ എൻടപ്രണർഷിപ്പ് ആൻഡ് എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കൗൺസിലിന് ആയിരിക്കും. അവർ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കും;

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പദ്ധതിക്കു വേണ്ട പരിശീലനം സംഘടിപ്പിക്കുക.
2. വിവിധ വിഭാഗം സ്റ്റേക്ക്ഹോൾഡർമാരുടെ ചർച്ചകൾ സംഘടിപ്പിച്ച് പ്രശ്ന/ആശയ സമാഹരണം സംഘടിപ്പിക്കുക.
3. കേരളത്തിനു പുറത്തുള്ളവരുമായി ഓൺലൈൻ സംവാദത്തിലൂടെ പ്രശ്ന/ ആശയ സമാഹരണം സംഘടിപ്പിക്കുക.
4. പ്രശ്നങ്ങളുടെ മുൻഗണനാക്രമം ചർച്ച ചെയ്യുക.
5. പ്രാദേശിക നൂതനാശയ സമാഹരണത്തിനായി ഓൺലൈൻ /ഓഫ് ലൈൻ ക്യാമ്പയിൻ സംഘടിപ്പിക്കുക.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുക.
7. പദ്ധതി നടത്തിപ്പിന് ആവശ്യമായ വിഭവ സമാഹരണം വിവിധ സ്രോതസ്സുകളിലൂടെ കണ്ടെത്തുക.
8. പദ്ധതിയുടെ നിർവ്വഹണത്തിനും മോണിറ്ററിംഗിനും നേതൃത്വം നൽകുക.

## 5.4 തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിദഗ്ധസമിതി

1. വിവിധ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുകളുമായുള്ള ചർച്ചകൾ നയിക്കുക.
2. ചർച്ചകളിൽ ഉയർന്നുവരുന്ന ആശയങ്ങളെ ക്രോഡീകരിക്കുകയും മൂന്നായി തരംതിരിക്കുകയും ചെയ്യുക.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വയം പരിഹരിക്കാൻ കഴിയുന്നവ അതത് തലത്തിൽ ക്രോഡീകരിക്കുക.
4. ചെയ്യാൻ കഴിയാത്തവ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിനു (COP) കൈമാറുക.
5. പ്രശ്നങ്ങളുടെ പ്രശ്ന പ്രസ്താവനകൾ തയ്യാറാക്കുക. കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ഡിസ്ട്രിക്ട് റിസോഴ്സ് ഗ്രൂപ്പ്, അക്കാദമിക സ്ഥാപനങ്ങൾ എന്നിവയുടെ പിന്തുണയോടെ വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കുക.
6. പദ്ധതി നിർവ്വഹണത്തിന് അക്കാദമിക പിന്തുണ നൽകുക.

## 5.5 ജില്ലാ ആസൂത്രണ സമിതിയുടെ പങ്ക്

ജില്ലാതലത്തിൽ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ഡിസ്ട്രിക് റിസോഴ്സ് ഗ്രൂപ്പ്, ജില്ലാ ഇന്നൊവേഷൻ കൗൺസിൽ എന്നിവയുടെ പ്രവർത്തനങ്ങളെ OLOI പദ്ധതിക്കുവേണ്ടി ഏകോപിപ്പിക്കേണ്ടത് ജില്ലാ ആസൂത്രണ സമിതികളാണ്. അവയ്ക്ക് താഴെപ്പറയുന്ന പങ്ക് നിർവ്വഹിക്കാനുണ്ട്;

1. ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾക്ക് OLOI പദ്ധതി പ്രശ്നങ്ങളും ആശയങ്ങളും കൈമാറുക.
2. കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ഡിസ്ട്രിക് റിസോഴ്സ് ഗ്രൂപ്പ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
3. ആവശ്യഘട്ടങ്ങളിൽ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുക.
4. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുക.
5. ജില്ലാതല ഹാക്കത്തോണുകളുടെ ഏകോപനം നിർവ്വഹിക്കുക.
6. ഹാക്കത്തോണുകളെ തുടർച്ചയായി വിശദമായ പഠനത്തിനുവേണ്ടിയുള്ള ടീമുകൾ രൂപപ്പെടുത്തുക.
7. അക്കാദമിക സ്ഥാപനങ്ങളെ OLOI പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

അനുബന്ധം

# OLOI മായി ബന്ധപ്പെട്ട 27 വിഷയ മേഖലകൾ

1. കൃഷിയും സസ്യശാസ്ത്രവും (Agriculture & Plant Science)
   1.1. ഉൽപാദന ക്ഷമത.
   1.2. ഭൂമിയുടെ സ്വകാര്യ ഉടമസ്ഥത നിലനിർത്തിക്കൊണ്ട് ഉൽപാദന ആവശ്യങ്ങൾക്കായി പൊതു സംവിധാനത്തിനു കീഴിൽ കൊണ്ടുവരാവുന്ന സംഘടനാ രൂപങ്ങളുടെ ആവശ്യം.
   1.3. സാങ്കേതിക വിദ്യകളെ സൂക്ഷ്മ, ചെറുകിട, ഇടത്തര ഉൽപാദന സാധ്യതകളുമായി ബന്ധിപ്പിക്കൽ.
   1.4. ഉൽപ്പന്ന ഉപാധികളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാര നിയന്ത്രണ സംവിധാനം.
   1.5. നൂതന വിപണന തന്ത്രങ്ങൾ.
   1.6. ഭക്ഷ്യസംസ്കരണ സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിലും പ്രായോഗികമായ സംഘടനാ രൂപം ഉണ്ടാക്കുക.
   1.7. ബയോടെക്നോളജി ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യകളെ ഫലപ്രദമായ ഉപയോഗം.
   1.8. ഉൽപ്പാദന ക്ഷമതയും രോഗപ്രതിരോധശേഷിയും ഉള്ള വിത്ത് ഉത്പാദനം.
   1.9. കാർഷികാവശിഷ്ടങ്ങളുടെ സംസ്കരണം, കീടനാശിനികളുടെയും രാസവളങ്ങളുടെയും അവശിഷ്ടം കൈകാര്യം ചെയ്യുന്നതിലുള്ള അഭാവം.
   1.10. കയറ്റുമതി അധിഷ്ഠിതമായ ഉൽപാദന രീതി.
   1.11. മൂല്യവർദ്ധന സാങ്കേതിക വിദ്യകളുടെ പ്രയോഗം.
   1.12. മണ്ണിലെ പോഷക മൂല്യം ഉയർത്തുന്നതിനുള്ള ഇടപെടൽ.
   1.13. ദുരന്തസാധ്യതാ പ്രദേശങ്ങളിലെ കാർഷികാസൂത്രണം.
   1.14. കൃഷിക്ക് തൊഴിൽ ശേഷി നൽകുന്നതിനുള്ള സംഘടനാ രൂപങ്ങളുടെ ആസൂത്രണം.
   1.15. കാർഷിക യന്ത്രങ്ങളുടെ പ്രാദേശിക അനുരൂപീകരണം.
   1.16. നൂതന സംയോജിത കാർഷിക പരീക്ഷണങ്ങൾ.
   1.17. കാർഷിക മേഖലയിലെ സഹകരണ സംരംഭങ്ങൾ.
   1.18. കർഷകരുടെ നൂതന സംഘടനാ രൂപങ്ങൾ.
   1.19. കാർഷിക സംരംഭകത്വം.
   1.20. കാലാവസ്ഥാ വ്യതിയാന കാലത്തെ കാർഷികാസൂത്രണം.
   1.21. പച്ചതുരുത്തുകൾ, മഴക്കാടുകൾ, കാർഷിക വനവത്കരണം പ്രോത്സാഹിപ്പിക്കൽ
   1.22. സസ്യരോഗവും പ്രതിവിധിയും
2. കുട്ടികളുടെ മുൻഗണനകൾ (Priorities of children)
   2.1. നൂതന പ്രാദേശിക പോഷകാഹാരമിശ്രിതങ്ങൾ.
   2.2. ആധുനിക വളർച്ച മോണിറ്ററിംഗ് സങ്കേതങ്ങൾ.
   2.3. കുട്ടികളുടെ വളർച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമുള്ള ഐ.ടി

സംവിധാനങ്ങൾ.

2.4. പോഷകാഹാരസൂത്രണം.

2.5. കായിക വ്യായാമത്തിനുള്ള ആധുനിക സങ്കേതങ്ങൾ.

2.6. പഠന വൈകല്യങ്ങൾ തിരിച്ചറിയലും പരിഹരിക്കലും.

2.7. ശാരീരിക – മാനസിക പരിമിതികളെ മുൻകൂട്ടി കണ്ടെത്തലും പരിഹരിക്കലും.

2.8. ഭിന്നശേഷിക്കാരുടെ പരിചരണത്തിന് ആധുനിക സംവിധാനങ്ങൾ.

2.9. മാനസിക ശാരീരിക വികാസത്തിനുള്ള ശാസ്ത്രീയ സങ്കേതങ്ങൾ.

2.10. കുട്ടികളുടെ നൂതനമായ പ്രാദേശിക സംഘടനാരൂപങ്ങൾ.

2.11. ആധുനിക ശിശു പരിചരണ സംവിധാനങ്ങൾ.

**3. ഭക്ഷ്യ സാങ്കേതികവിദ്യ (Food Technology)**

3.1. മായം കലരുന്നത് കണ്ടെത്തുന്നതിനുള്ള നൂതന സംവിധാനം

3.2. നൂതന പാക്കിംഗ് സാങ്കേതിക വിദ്യകൾ

3.3. ഉയർന്ന താപനിലയെ അഭിസംബോധന ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യകൾ

3.4. സുരക്ഷിത ഭക്ഷണവും മൂല്യവർധനവും

3.5. ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനവും സംരക്ഷണവും

3.6. ഭക്ഷണശീലത്തിലുള്ള മാറ്റങ്ങൾ

3.7. വ്യക്തിഗത ഭക്ഷണങ്ങൾ

3.8. ആഹാരക്രമ നിരീക്ഷണം

3.9. ആഹാര വസ്തുക്കൾ പാഴാക്കുന്നത് ഒഴിവാക്കുന്നത്

3.10. പോഷകഹാരം സംബന്ധിച്ചുള്ള ഉപദേശം

3.11. പോഷകഹാര നിർമ്മാണ വർദ്ധനവ്

3.12. ഭക്ഷ്യവസ്തുക്കളുടെ ഉറവിടം കണ്ടെത്തൽ

3.13. വിതരണ ശൃംഖല സംവിധാനം

3.14. ഭക്ഷ്യസുരക്ഷ സംവിധാനം

3.15. ഉല്പാദന വിതരണ നിയന്ത്രണങ്ങൾ

**4. മത്സ്യബന്ധനവും, ഉൾനാടൻ മത്സ്യകൃഷിയും സമുദ്ര ശാസ്ത്രവും (Fisheries, Inland fish farming and Ocean Sciences)**

4.1. പരിസ്ഥിതി സൗഹൃദ മത്സ്യബന്ധന സാങ്കേതികവിദ്യകൾ.

4.2. കാലാവസ്ഥാ വ്യതിയാനവും മത്സ്യ ഉൽപാദനവും.

4.3. നാടൻ ഇനങ്ങളുടെ കുറയുന്ന ഉത്പാദനം.

4.4. ഉൾനാടൻ മത്സ്യകൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ.

4.5. ഗാർഹിക മത്സ്യ ഉല്പാദനത്തിനുള്ള നൂതന സാങ്കേതിക വിദ്യകൾ.

4.6. കുറഞ്ഞ ചിലവിൽ മത്സ്യത്തീറ്റ ഉത്പാദനം.

4.7. ശാസ്ത്രീയമായ രോഗ നിയന്ത്രണവും പരിചരണവും.

4.8. നൂതന മത്സ്യ സംസ്കരണ സാങ്കേതികവിദ്യകൾ.

4.9. ആധുനിക പാക്കിംഗ് സംവിധാനങ്ങളും ഷെൽഫ് ലൈഫ് വർദ്ധിപ്പിക്കലും.

4.10. പരിസ്ഥിതി സൗഹൃദ പാക്കിംഗ് സംവിധാനങ്ങൾ.

4.11. ജലമലിനീകരണം ഇല്ലാത്ത മത്സ്യബന്ധന രീതികൾ.

4.12. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള ശാസ്ത്രീയ അന്തരീക്ഷം ഒരുക്കൽ.

4.13. ബയോഫ്ലോക്, അക്വാപോണിക്സ്, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നീ സാങ്കേതിക

വിദ്യയുടെ നവീനവൽക്കരണം
4.14. ചെറുകിട ഫ്രീസറുകളുടെ നൂതന മാതൃകകൾ.
4.15. മത്സ്യ ഉത്പാദനരംഗത്തെ സോളാർ സാങ്കേതിക വിദ്യകൾ.
4.16. മത്സ്യതൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വികസനം.
4.17. മത്സ്യബന്ധനത്തിന് കാര്യക്ഷമമായ ഇന്ധന ഉപയോഗ രീതികൾ.
4.18. മത്സ്യബന്ധന മേഖലയിലെ നീതിയുക്തമായ തൊഴിലാസൂത്രണം.
4.19. മത്സ്യതൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള സംരംഭകരൂപങ്ങൾ.
4.20. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നൂതന ഇടപെടലുകൾ.
4.21. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നൂതന ഇടപെടലുകൾ.
4.22. നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള തനതു ഇടപെടൽ.
4.23. മത്സ്യസംഭരണം, വിപണനം എന്നിവയ്ക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കൽ.
4.24. മത്സ്യ വിപണന സംവിധാനങ്ങൾക്ക് ഐ.ടി പിന്തുണ കൊടുക്കൽ.
4.25. കടലാക്രമണം പ്രതിരോധിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കൽ, ഓരു വെള്ളം കയറ്റം തടയുന്നതിനുള്ള സാങ്കേതിക വിദ്യകൾ ഒരുക്കൽ.
4.26. കടലോര നദീതട മേഖലകളിലെ ശാസ്ത്രീയമായ പാർപ്പിടാസൂത്രണം.
4.27. കടലോര മേഖലകളിൽ ശുദ്ധജലം ലഭ്യമാക്കൽ.

**5. പാർപ്പിടം, പൈതൃകം, സംസ്കാരം (Shelter, Heritage and Culture)**

5.1. ചെലവുകുറഞ്ഞ വീടുകളുടെ ആസൂത്രണം
5.2. ചെലവ് കുറഞ്ഞ വ്യത്യസ്തമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള പാർപ്പിടനിർമ്മാണം
5.3. പാർപ്പിട നിർമ്മാണ വസ്തുക്കളുടെ വൈവിധ്യവത്ക്കരണം.
5.4. പൊളിച്ചു മാറ്റി പുനസ്ഥാപിക്കുന്ന ഭവന നിർമ്മാണ സാങ്കേതികവിദ്യകൾ.
5.5. വെള്ളം കയറുന്ന സ്ഥലങ്ങൾക്ക് അനുസൃതമായ ഭവനനിർമ്മാണ മാതൃകകൾ.
5.6. കാർബൺ പാദമുദ്ര കുറഞ്ഞ ഭവനാസൂത്രണം.
5.7. സാമൂഹികവത്ക്കരണത്തിനുള്ള പൊതു ഇടങ്ങൾ ഉൾപ്പെടുത്തിയുള്ള സാമൂഹിക ഭവന സങ്കേത ആസൂത്രണങ്ങൾ.
5.8. ദുരന്തസാധ്യത പ്രദേശങ്ങളിലെ ഭവന നിർമ്മാണം.
5.9. ഊർജ്ജ സാന്ദ്രത കുറഞ്ഞ ഭവന നിർമ്മാണ രീതികൾ.
5.10. ഭവനങ്ങൾ പങ്കിടുന്നതിനുള്ള സാമൂഹിക മാതൃകകൾ.
5.11. തനതു കലാരൂപങ്ങളുടെ ആധുനിക മാതൃകയിലുള്ള സംരക്ഷണ രൂപങ്ങൾ.
5.12. തനതു കലാ പാരമ്പര്യങ്ങളുടെ ഡോക്യുമെന്റേഷൻ.
5.13. പാരമ്പര്യ കലാരൂപങ്ങളുടെ നൂതന ഡോക്യുമെന്റേഷനും പരിശീലന സങ്കേതങ്ങളും.
5.14. പാരമ്പര്യ കലാരൂപങ്ങളെ ദേശീയ അന്തർദേശീയ തലങ്ങളും ആയി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം.
5.15. ചരിത്ര സംസ്കാരങ്ങൾ, ഹെറിറ്റേജ് സംവിധാനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പൈതൃക ടൂറിസം മാതൃകകൾ
5.16. കലാസാംസ്കാരിക വിനിമയത്തിനുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പൊതു സങ്കേതങ്ങൾ
5.17. ഡിജിറ്റൽ പൈതൃക നവീകരണവും AR, VR എന്നിവയുടെ സാധ്യതകൾ ഉപയോഗിക്കുക.

**6. വയോജനങ്ങളുടെ മുൻഗണനകൾ (Priorities of the elderly)**

6.1. വയോജന പരിചരണത്തിനുള്ള ആധുനിക സംഘടനാ രൂപങ്ങൾ.

6.2. വീടുകളിൽ ഒറ്റപ്പെട്ടവരെ പരിചരിക്കുന്നതിനുള്ള നൂതന സംഘടനാ രൂപങ്ങൾ.
6.3. വയോജന കൗൺസിലിംഗിനുള്ള സംഘടന സംവിധാനങ്ങൾ.
6.4. വയോജന സൗഹൃദ ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ.
6.5. വയോജന സൗഹൃദ കെട്ടിട അടിസ്ഥാന സൗകര്യ ആസൂത്രണം.
6.6. വയോജന സൗഹൃദ പൊതുഇട ആസൂത്രണം.
6.7. വയോജന സൗഹൃദ നഗരാസൂത്രണം.
6.8. വയോജനങ്ങളുടെ മാനസിക പരിചരണം.
6.9. ടെലി-മെഡിസിൻ സംവിധാനങ്ങൾ.
6.10. വയോജന സൗഹൃദ ഭക്ഷണങ്ങൾ വികസിപ്പിക്കൽ.
6.11. ഡിമെൻഷ്യ, പാർക്കിംഗ്സൺസ് ബാധിതരുടെ നൂതന പരിചരണ സംവിധാനങ്ങൾ.
6.12. കിടപ്പുരോഗികളുടെ സഹായത്തിനായുള്ള ആധുനിക ഉപകരണങ്ങൾ.
6.13. സാമൂഹിക അധിഷ്ഠിത പാലിയേറ്റീവ് സംവിധാനങ്ങൾ.
6.14. വിഷാദ രോഗാസൂത്രണങ്ങൾ - തിരിച്ചറിയലും പരിചരണവും.
6.15. വയോജനങ്ങളുടെ തൊഴിൽ ആസൂത്രണം.
6.16. ഓർമ്മശക്തി, കായികശക്തി നിലനിർത്തുന്നതിനുള്ള വ്യായാമ രീതികളും സാങ്കേതികവിദ്യകളും.
6.17. വയോജനങ്ങളുടെ നൂതന സംഘടനാ രൂപങ്ങൾ, അതിജീവന രൂപങ്ങൾ.

**7. മൃഗസംരക്ഷണവും, ക്ഷീര വികസനവും, പൗൾട്രി സയൻസും (Animal husbandry, Dairy and Poultry Science)**

7.1. കുറഞ്ഞ സ്ഥലത്തുള്ള സംയോജിത ഫാം ആസൂത്രണം.
7.2. പാൽ, മാംസം, മുട്ട എന്നിവയുടെ സംസ്കരണത്തിനുള്ള ചെറുകിട സാങ്കേതികവിദ്യകൾ.
7.3. തൊഴുത്ത്, കൂട് ശുചീകരണം.
7.4. ചാണകം, കാഷ്ഠം മുതലായവ വളമാക്കി മാറ്റൽ എന്നിവയ്ക്കുള്ള ഫലപ്രദമായ സാങ്കേതിക വിദ്യകൾ.
7.5. ആധുനിക തൊഴുത്ത്, കൂട് ആസൂത്രണം.
7.6. സംയോജിത കൃഷി ആസൂത്രണം.
7.7. പാൽ, മാംസം, മുട്ട എന്നിവയുടെ ശാസ്ത്രീയമായ പാക്കിംഗ്, ഷെൽഫ് ലൈഫ് വർദ്ധിപ്പിക്കൽ.
7.8. പാൽ, മാംസം, മുട്ട വൈവിധ്യ ഉൽപ്പന്ന നിർമ്മാണവും സാങ്കേതികവിദ്യകളും.
7.9. ഫാം മേഖലയിലെ തൊഴിൽ ആസൂത്രണം.
7.10. ചെറുകിട അറവുശാലകൾ.
7.11. അറവുശാലകളിലെ മാലിന്യ സംസ്കരണം.
7.12. ചിലവുകുറഞ്ഞ പ്രാദേശിക തീറ്റ മിശ്രിതങ്ങൾ വികസിപ്പിക്കൽ.
7.13. കാലാവസ്ഥ അതിജീവന രീതികൾ.
7.14. ജന്തുജന്യ രോഗങ്ങളുടെ വ്യാപനം തടയൽ.
7.15. മൃഗസംരക്ഷണ മേഖലയിലെ സംരംഭക ആസൂത്രണം.
7.16. മൃഗസംരക്ഷണ മേഖലയിലെ ഇൻക്യുബേഷൻ സംവിധാനം.
7.17. രോഗപ്രതിരോധശേഷിയുള്ള ബ്രീഡുകളുടെ പ്രാദേശിക വികസനം.
7.18. മാംസ സംസ്കരണവും സൂക്ഷിപ്പും
7.19. ക്ഷീര സഹകരണ സംഘടനകളുടെ ആധുനികവത്കരണം.
7.20. പാൽ വിതരണ രംഗത്തെ IT അധിഷ്ഠിത ഏകോപനം.
7.21. കുറഞ്ഞ ചിലവിൽ തീറ്റ ഉത്പാദന സാങ്കേതിക വിദ്യകൾ.

7.22. പശു വളർത്തൽ മേഖലയിലെ തൊഴിലാസൂത്രണം.
7.23. ചെറുകിട പാൽ സംസ്കരണ, ഉൽപ്പന്ന നിർമ്മാണ സാങ്കേതിക വിദ്യകളുടെ വ്യാപനം.
7.24. ആധുനിക രോഗനിർണയ സങ്കേതങ്ങൾ, ചികിത്സാ സങ്കേതങ്ങൾ വികസിപ്പിക്കൽ.

**8. ആധുനിക വൈദ്യശാസ്ത്രവും ബയോമെഡിക്കൽ ടെക്നോളജിയും (Modern Medicine and Biomedical Technology)**

8.1. ഉയർന്ന രോഗാതുരത
8.2. സാമൂഹിക വ്യായാമ സംവിധാനങ്ങൾ
8.3. ശാസ്ത്രീയമായ പോഷകാഹാരങ്ങളുടെ മിശ്രിതങ്ങൾ
8.4. ചെലവു കുറഞ്ഞ രോഗനിർണയ സംവിധാനം
8.5. രോഗികളുടെ ഇ-വിവരശേഖരണം
8.6. ഇ-വിവര ശേഖരണത്തെ സംബന്ധിച്ച മൊബൈൽ ആപ്പ്
8.7. ആധുനിക ആശുപത്രി ഡിസൈൻ.
8.8. ടെലിമെഡിസിൻ സംവിധാനം.
8.9. പകർച്ചവ്യാധി പ്രതിരോധ പദ്ധതികൾ.
8.10. സുരക്ഷിതത്വമുള്ള ആശുപത്രി സംവിധാനം.
8.11. ആധുനിക കൊതുക നശീകരണ സംവിധാനങ്ങൾ.
8.12. പൊതുജനാരോഗ്യ ദുരന്ത കാലത്തെ പരിചരണ സംവിധാനം.
8.13. പൊതുജനാരോഗ്യ ദുരന്ത അതിജീവനാസൂത്രണം.
8.14. പോഷകാഹാരം മോണിറ്ററിംഗിനുള്ള ആധുനിക സംവിധാനം.
8.15. ആധുനിക കൗൺസിലിംഗ് സംവിധാനം.
8.16. ആദിവാസി ജനവിഭാഗത്തിന്റെ പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾക്കുള്ള പരിഹാരം
8.17. തൊഴിൽജന്യ രോഗ പരിപാലനം.
8.18. മാലിന്യജന്യ രോഗ പരിപാലനം.
8.19. ചെലവുകുറഞ്ഞ ആരോഗ്യ സുരക്ഷാ പദ്ധതികൾ.
8.20. ശുചീകരണത്തിനുള്ള സാമൂഹിക സംവിധാനങ്ങൾ.

**9. ജലസംരക്ഷണവും കുടിവെള്ളവും (Water Conservation and Drinking Water)**

9.1. സീവേജ്, സെപ്റ്റേജ് സംസ്കരണത്തിന് ആധുനിക സാങ്കേതിക രീതികൾ.
9.2. ചെലവ് കുറഞ്ഞതും ഫലപ്രദവുമായ ഫിൽട്ടറുകളുടെ വികസിപ്പിക്കലും പ്രചരണവും.
9.3. നൂതന മഴവെള്ള സംഭരണ സംവിധാനങ്ങൾ.
9.4. മഴവെള്ള സംഭരണ ഫിൽട്ടറുകളുടെ നവീകരണം.
9.5. ആധുനിക നീർത്തട വികസന മാതൃകകൾ.
9.6. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ കുടിവെള്ള സംരക്ഷണം.
9.7. വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം.
9.8. വെള്ളപ്പൊക്ക അനന്തര ശുചീകരണം.
9.9. വെള്ളത്തിലെ ഫ്ലൂറൈഡ് അംശം കുറയ്ക്കൽ.
9.10. താഴ്ന്ന ഭൂഗർഭജല നിലവാരം.
9.11. സമഗ്ര നീർത്തട ആസൂത്രണം.

**10. പരമ്പരാഗത വ്യവസായങ്ങളും, സൂക്ഷ്മ – ചെറുകിട – ഇടത്തരം സംരംഭങ്ങളും (Traditional Industries and MSMEs)**

10.1. പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളെ ആശ്രയിച്ചുള്ള ചെറുകിട സംരംഭങ്ങളുടെ

ആസൂത്രണം.
10.2. അസംസ്കൃതവസ്തുക്കൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനുള്ള സംഘടനാ രൂപങ്ങളുടെ വികസിപ്പിക്കൽ.
10.3. കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലകളിൽ നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം.
10.4. പരമ്പരാഗത വ്യവസായ മേഖലകളുടെ ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം.
10.5. സംരംഭക ക്ലസ്റ്ററുകളുടെ വികസനം, ഏകോപനം.
10.6. ആധുനിക പാക്കിംഗ് സംവിധാനങ്ങൾ, ഉൽപ്പന്നങ്ങളുടെ ഷെൽഫ് ലൈഫ് വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണം.
10.7. വിശേഷ വൽകൃത വികേന്ദ്രീകൃത ഉല്പാദന രീതികൾ.
10.8. നഗരവൽക്കരണത്തിനനുസൃതമായ സേവന സംരംഭക ശൃംഖലകൾ.
10.9. ഗ്രാമീണ ഐടി ഹബ്ബുകൾ.
10.10. തൊഴിലാളി പങ്കാളിത്തത്തോടെ സംരംഭക മാനേജ്മെന്റ് മാതൃകകൾ.
10.11. ആധുനിക പരിശീലനം ലഭിച്ച തൊഴിൽ സേനകൾ.
10.12. നൂതന വിപണന മാതൃകകൾ.
10.13. പ്രാദേശിക വിപണന മാതൃകകൾ.
10.14. ഉൽപന്ന പ്രാദേശിക വിപണി ബന്ധങ്ങൾ.
10.15. സൂക്ഷ്മ സംരംഭക ഗവർണൻസ് മാതൃകകൾ.
10.16. ഐ.ടി അധിഷ്ഠിത വിപണി ആസൂത്രണം.
10.17. സഹകരണ സംരംഭക ആസൂത്രണം.

**11. ഊർജ്ജപുനരുപയോഗം, ഊർജ്ജസംരക്ഷണം, ഇ-മൊബിലിറ്റി, കാർബൺ വേർതിരിക്കൽ (Renewables, Energy conservation, E-Mobility and Carbon sequestration)**

11.1. ഗാർഹിക സ്ഥാപനതല സോളാർ സാധ്യതകളുടെ വ്യാപനം.
11.2. സോളാർ ഉപകരണങ്ങളുടെ പരിഷ്കരണം.
11.3. സോളാർ തെരുവുകളുടെ ആസൂത്രണം.
11.4. ഇ- മൊബിലിറ്റി ആസൂത്രണം.
11.5. ചാർജിംഗ് കേന്ദ്രങ്ങളുടെ ആസൂത്രണം.
11.6. ബാറ്ററി ലൈഫ്, ചാർജിംഗ് സമയം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണം.
11.7. സോളാർ വ്യാപനത്തിനുള്ള സാമൂഹിക മാതൃകകൾ.
11.8. സോളാർ അധിഷ്ഠിത സംരംഭക ആസൂത്രണം.
11.9. സ്ഥാപന, ഗാർഹികതല, എനർജി ഓഡിറ്റിംഗ്.
11.10. ബയോഗ്യാസ് വ്യാപനം.
11.11. ബയോഗ്യാസ് നവീനവത്കരണം.
11.12. ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് ആധുനീകരണം, വ്യാപനം.
11.13. ബയോമാസ് അധിഷ്ഠിത ഊർജ്ജ സാങ്കേതിക വിദ്യാവികസനം.
11.14. സൂക്ഷ്മ, ചെറുകിട ജലസേചന പദ്ധതികളുടെ ആസൂത്രണം.
11.15. തിരമാല, കാറ്റ് അധിഷ്ഠിത വൈദ്യുത പദ്ധതികൾ.
11.16. ഊർജ്ജ സാന്ദ്രത കുറഞ്ഞ ജല പമ്പിംഗ് സംവിധാനം.

**12. കാലാവസ്ഥാ വ്യതിയാന അനുസൃതമാകൽ, ദുരന്ത നിവാരണം, പരിസ്ഥിതി ശാസ്ത്രം (Climate Change Adaptation, Disaster Management & Environmental Sciences)**

12.1. കാർബൺ പാദമുദ്ര കുറഞ്ഞ ആസൂത്രണ മാർഗങ്ങൾ.

12.2. ഊർജ സാന്ദ്രത കുറഞ്ഞ നിർമ്മിതികൾ.
12.3. ഫോസിൽ ഇന്ധനങ്ങളെ പുനരുപയോഗ ഊർജ്ജ സാധ്യതകളിലൂടെ പകരം വയ്ക്കൽ.
12.4. ഇ -ഊർജ്ജം അധിഷ്ഠിത ഗതാഗത മേഖലകളിലേക്കുള്ള മാറ്റം.
12.5. മികച്ച ഹരിത കവച കെട്ടിട അനുപാതം നിലനിർത്തൽ.
12.6. ഹരിത കവച ആസൂത്രണം.
12.7. ജല വിഭവ ആസൂത്രണം.
12.8. സാമൂഹിക -ജല വിഭവ പരിപാലനം.
12.9. ജൈവ വൈവിധ്യ പരിപാലനം.
12.10. സാമൂഹിക -ജൈവ പരിപാലന മാതൃകകളുടെ വികസനം
12.11. പ്രകൃതി അധിഷ്ഠിത പരിഹാരങ്ങളുടെ വ്യാപനം.
12.12. മണ്ണിലെ കാർബൺ അംശം വർധിപ്പിക്കൽ, ബയോകമ്പോസ്റ്റിംഗ്, ജൈവ പോഷണ വികസനം.
12.13. ആധുനിക ദുരന്ത പ്രവചന സാങ്കേതിക വിദ്യയുടെ പ്രയോജനം.
12.14. ഉപയോഗയോഗ്യമായ സൂക്ഷ്മ സ്കെയിലുകളിൽ ഉള്ള ഡിജിറ്റൽ ഭൂപടങ്ങൾ.
12.15. ദുരന്ത സാധ്യതാ പ്രദേശങ്ങളുടെ ആധുനീകരിച്ച വിവരശേഖരണം.
12.16. ദീർഘകാല ദുരന്ത പ്രവചന സങ്കേതങ്ങളും ആസൂത്രണ മാർഗങ്ങളും.
12.17. ശാസ്ത്രീയമായ മുന്നറിയിപ്പ് സംവിധാനങ്ങൾ, സാമൂഹിക മുന്നറിയിപ്പ് സംവിധാനങ്ങൾ.
12.18. ആധുനിക സാങ്കേതിക പിന്തുണയോടെയുള്ള രക്ഷാ സംവിധാനങ്ങൾ.
12.19. ആധുനിക മാതൃകയിലുള്ള പുനരധിവാസ കേന്ദ്രങ്ങൾ.
12.20. ആധുനിക കമ്മ്യൂണിറ്റി ഷെൽട്ടറുകൾ.
12.21. ദുരന്ത അതിജീവന ആസൂത്രണം.
12.22. ദുരന്ത അതിജീവന ശേഷിയുള്ള അടിസ്ഥാന സൗകര്യ വികസനം.
12.23. ശാസ്ത്രീയമായ ഡാം മാനേജ്മെന്റ്.
12.24. ശാസ്ത്രീയമായ നദീതട മാനേജ്മെന്റ്.
12.25. ദുരന്ത സാധ്യത മേഖലകളിലെ നിർമ്മിതികൾ.

**13. ഖര, ദ്രാവക, അപകടകരമായ മാലിന്യങ്ങളുടെ പരിപാലനം (Solid, Liquid and Hazardous waste Management)**

13.1. നൂതന രീതികൾ വികസിപ്പിക്കൽ.
13.2. ജൈവ കമ്പോസ്റ്റിംഗ് ഉപകരണങ്ങളുടെ നവീനവൽക്കരണം.
13.3. ബയോഗ്യാസ് പ്ലാന്റുകളുടെ ആധുനികവൽക്കരണം.
13.4. ടോയ്‌ലറ്റ് ലിങ്ക് ബയോഗ്യാസ് പ്ലാന്റുകളുടെ നവീനവൽക്കരണം.
13.5. മാലിന്യ ശേഖരണത്തിനുള്ള സാമൂഹിക സംഘടനാ രൂപങ്ങൾ.
13.6. ജൈവമാലിന്യങ്ങളിലെ ജലാംശം നീക്കുന്നതിനുള്ള അന്വേഷണങ്ങൾ.
13.7. വ്യത്യസ്ത അജൈവ മാലിന്യങ്ങളുടെ പുനചംക്രമണ സാധ്യതകളെക്കുറിച്ചുള്ള അന്വേഷണം.
13.8. പ്ലാസ്റ്റിക്കിന് ബദലായി ഉള്ള പ്രകൃതി അധിഷ്ഠിത മാതൃകകൾക്കായുള്ള ഗവേഷണം.
13.9. ശാസ്ത്രീയ MRF, MCF ഡിസൈൻ രൂപങ്ങൾ.
13.10. മാലിന്യങ്ങൾ ഉപയോഗിച്ചുള്ള നിർമ്മിതി സാധ്യതകൾ, മാലിന്യനീക്കം മോണിറ്റർ ചെയ്യുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ.
13.11. വെള്ളം കയറുന്ന സ്ഥലങ്ങൾക്ക് അനുസൃതമായ കക്കൂസ് മാതൃകകൾ.
13.12. സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്നതിനും ശുചീകരിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ.

13.13. വീടുകളിലെയും സ്ഥലങ്ങളിലെയും ജലമാലിന്യ സംസ്കരണത്തിനുള്ള നൂതന ചെറുകിട സാങ്കേതികവിദ്യകൾ.

13.14. ആധുനിക സെപ്റ്റേജ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.

**14. അഗ്രിഗേഷൻ പ്ലാറ്റ്ഫോം (Aggregation Platform)**

14.1. കേരളത്തിലെ ഉല്പാദന മേഖലകൾ ഭൂവിഭജനം, ചെറുകിട ഭൂമി കൈവശം വയ്ക്കൽ തുടങ്ങിയ വലിയ വെല്ലുവിളികൾനേരിടുന്നുണ്ട്.

14.2. ഇത് വലിപ്പത്തിൽ അധിഷ്ഠിതമായ വിതരണ ശൃംഖലകളുടെ പരമ്പരാഗത സമ്പദ് വ്യവസ്ഥയെ നിഷ്ഫലമാക്കി.

14.3. ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, പിന്തുണാസേവനങ്ങൾ എന്നിവ സംയോജിപ്പിക്കുന്ന സംയോജിത പരിഹാരങ്ങൾ കേരള പശ്ചാത്തലത്തിൽ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

14.4. വിവിധ ജനസഞ്ചയങ്ങളെ ബന്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ആപ്പ് അധിഷ്ഠിതമോ സാങ്കേതികവിദ്യ കേന്ദ്രീകൃതമോ ആയ പരിഹാരങ്ങൾ ആവശ്യമാണ്.

**15. സ്കൂൾ വിദ്യാഭ്യാസം (School Education)**

15.1. കുട്ടികളിൽ ശാസ്ത്രബോധവും വിമർശനാത്മക ചിന്തയും വളർത്തുന്നതിനുള്ള ഇടപെടലുകൾ.

15.2. തദ്ദേശസ്ഥാപനതല ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനുള്ള ഇടപെടലുകൾ.

15.3. ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിന് പുതിയ മാതൃകകൾ വികസിപ്പിക്കുക.

15.4. ഭാഷ, ഗണിത, ശാസ്ത്ര, സാമൂഹികശാസ്ത്ര പഠന മേഖലകളിൽ പുതിയ മാതൃകകളും വിലയിരുത്തൽ മാതൃകകളും വികസിപ്പിക്കുക.

15.5. കലാകായിക പരിശീലനം വിദ്യാഭ്യാസം എന്നിവയ്ക്ക് നൂതന മാതൃകകൾ വികസിപ്പിക്കുക.

15.6. സ്കൂൾ പോഷകാഹാരം, ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കൽ, മാലിന്യ സംസ്കരണം എന്നിവയിൽ നൂതന സങ്കേതങ്ങളും മാതൃകകളും വികസിപ്പിക്കുക.

15.7. കുട്ടികളുടെ നിരന്തര വിലയിരുത്തലിനും മൂല്യനിർണയത്തിനും ഐടി അധിഷ്ഠിത പ്ലാറ്റ്ഫോമുകളും സങ്കേതങ്ങളും വികസിപ്പിക്കൽ.

15.8. അദ്ധ്യാപിക പരിശീലനം, രക്ഷകർത്തൃ പരിശീലനം എന്നിവയ്ക്ക് നൂതന സങ്കേതങ്ങളും മാതൃകകളും വികസിപ്പിക്കുക.

15.9. പഞ്ചായത്ത്, നഗരസഭാതല വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തന മാതൃകകൾ വികസിപ്പിക്കുക.

15.10. കരിയർ ഓറിയന്റേഷൻ രംഗത്ത് പുതിയ പ്രവർത്തന മാതൃകകൾ വികസിപ്പിക്കുക.

**16. നഗരാസൂത്രണം, ഗതാഗതം, തുറമുഖം, ഹാർബർ എഞ്ചിനീയറിംഗ് (Urban Planning, Transport, Port and Harbour Engineering)**

16.1. നഗരങ്ങളിലെ ഗതാഗത ആസൂത്രണരംഗത്തെ പ്രധാന മാതൃകകൾ.

16.2. ഇ-വാഹന കേന്ദ്രീകൃതമായ ഗതാഗത ആസൂത്രണം.

16.3. കാൽനട യാത്രക്കാർക്ക് സൗഹൃദമായ ഗതാഗത ആസൂത്രണം.

16.4. പൊതുഗതാഗത സൗകര്യങ്ങൾക്ക് ആസൂത്രണ രീതികൾ.

16.5. IT സംവിധാനങ്ങൾ ഉപയോഗിച്ചുള്ള വാഹന ട്രാക്കിംഗും ഗതാഗത ആസൂത്രണവും.

16.6. രാത്രികാല ഗതാഗത ആസൂത്രണം.

16.7. നഗരങ്ങളെ ഗ്രാമങ്ങളുമായി ബന്ധിപ്പിക്കുന്ന ഗതാഗത ആസൂത്രണം.

16.8. നഗര കേന്ദ്രങ്ങളിലെ തിരക്ക് കുറയ്ക്കുന്നതിനുള്ള ഗതാഗത ആസൂത്രണം.

16.9. ശാസ്ത്രീയമായ പാർക്കിംഗ് സംവിധാനങ്ങളുടെ ആസൂത്രണം.
16.10. സ്വകാര്യവാഹന നിയന്ത്രണത്തിനുള്ള ആസൂത്രണം.
16.11. നൂതന റോഡ് നിർമ്മാണ സാങ്കേതിക വിദ്യകൾ.
16.12. മഴവെള്ള, അഴുക്കുജല, ഡ്രൈനേജ് ആസൂത്രണം.
16.13. ജലഗതാഗത ആസൂത്രണം.
16.14. സൈക്കിൾ സൗഹൃദ ഗതാഗത ആസൂത്രണം.
16.15. വയോജന സൗഹൃദ, ശിശു സൗഹൃദ, ജെൻഡർ സൗഹൃദ, ഭിന്നശേഷി സൗഹൃദ നഗരാസൂത്രണം.
16.16. ഉയർന്ന ജനസംഖ്യയെ പരിഗണിച്ചുള്ള പാർപ്പിടാസൂത്രണം.
16.17. പൊതു ഇടങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ എന്നിവയുടെ ശാസ്ത്രീയമായ ആസൂത്രണം.
16.18. ആധുനിക ശുചിമുറികൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവയുടെ ആസൂത്രണം.
16.19. I.T സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ടാക്സി, ഓട്ടോ ഡ്രൈവിംഗ് ആസൂത്രണം.

**17. ഇന്നൊവേഷൻ കളക്ടീവുകളും സഹകരണ സംഘങ്ങളും (Innovation Collectives and Cooperatives)**

17.1. സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള സാമൂഹിക കരാറുകൾ, സാമൂഹിക സംരംഭക രൂപങ്ങൾ എന്നിവ വികസിപ്പിക്കുക.
17.2. കൃഷിഭൂമി തരിശിടൽ, വയോജന പരിപാലനം, ഭിന്നശേഷിക്കാരുടെ സംരക്ഷണം, കുട്ടികളുടെ സംരക്ഷണം, കമ്മ്യൂണിറ്റി കിച്ചൻ സംവിധാനങ്ങളുടെ നടത്തിപ്പ് മുതലായ മേഖലകളിൽ നവീന സംരംഭങ്ങളും സാമൂഹിക കരാർ രൂപങ്ങളും പ്രായോഗികമാക്കുക.
17.3. നിലവിലുള്ള സാമൂഹിക കരാർ രൂപങ്ങളുടെ പരിമിതികൾ മറികടന്ന പുതിയ മാതൃകകൾ വികസിപ്പിക്കുക.
17.4. ലിംഗ തുല്യത ഉറപ്പാക്കുക, പരിസ്ഥിതി സംരക്ഷണം മുതലായ സാമൂഹിക പ്രാധാന്യ മേഖലകളിൽ സാമൂഹിക കരാറുകളും പുതിയ സംരംഭക രൂപങ്ങളും വികസിപ്പിക്കുക.
17.5. മാറിവരുന്ന സാമൂഹിക ആവശ്യങ്ങളെ സാമൂഹിക കരാറുകളിലൂടെയും സാമൂഹിക സംരംഭങ്ങളിലൂടെയും അഭിസംബോധന ചെയ്യുക.

**18. സദ്ഭരണവും സേവന ഗുണതയും (Good Governance and Service Delivery)**

18.1. ജനങ്ങൾക്ക് സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നവീന ഇടപെടൽ.
18.2. മൊബൈൽ വഴി സേവനങ്ങൾ ഒരുക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഒരുക്കൽ.
18.3. സേവന നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ.
18.4. സേവന ലഭ്യതാസമയം കുറയ്ക്കുന്നതിനുള്ള നൂതനാശയം.
18.5. തദ്ദേശസ്ഥാപനതല സേവനവിവരങ്ങൾ ഏകീകൃതമായി ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഡാഷ്ബോർഡ് വെബ്സൈറ്റ് സംവിധാനങ്ങൾ.
18.6. തദ്ദേശ സ്ഥാപനത്തല നടപടികൾ സുതാര്യമാക്കുന്നതിനുള്ള ഇ- സൗകര്യങ്ങൾ ഒരുക്കൽ.
18.7. തദ്ദേശ സ്ഥാപനത്തിലെ ഡാറ്റ വിവരങ്ങൾ ഏകീകൃത പോർട്ടൽ സംവിധാനത്തിലൂടെ ലഭ്യമാക്കൽ.
18.8. സ്ഥലീയ വിവരശേഖരണം വികസിപ്പിക്കലും ആസൂത്രണത്തിനായി ഉപയോഗിക്കലും.
18.9. ജനസൗഹൃദ ഓഫീസ് അടിസ്ഥാന സൗകര്യ മാതൃകകൾ വികസിപ്പിക്കൽ.
18.10. മൊബൈൽ ഓഫീസ് സംവിധാനങ്ങൾ ഒരുക്കൽ.
18.11. വിഭവ മാപ്പിംഗും അവയെ ആശ്രയിച്ചുള്ള സ്ഥലീയ വിവരവും സുതാര്യമായി ലഭ്യമാക്കുക.

**19. കായിക ക്ഷമത, സൗഖ്യം, യുവജനക്ഷേമം (Fitness, Wellness and Youth welfare)**

19.1. പ്രാദേശിക സന്തുഷ്ട സൂചികകൾ വികസിപ്പിക്കൽ.

19.2. സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് സൗഹൃദപരമായ കായികക്ഷമതാ കേന്ദ്രങ്ങൾ ഒരുക്കൽ.

19.3. സാമൂഹികാധിഷ്ഠിത കായിക ശേഷി വികസന പരിപാടികൾ.

19.4. സാമൂഹികാധിഷ്ഠിത സാംസ്കാരിക രൂപങ്ങൾ വികസിപ്പിക്കൽ.

19.5. സാമൂഹിക മാനസികാരോഗ്യ മാതൃകകൾ വികസിപ്പിക്കൽ.

19.6. നൂതന കൗൺസിലിംഗ് സാമൂഹിക സംവിധാനങ്ങൾ വികസിപ്പിക്കൽ.

19.7. മാനസിക വെല്ലുവിളികൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങൾ.

19.8. ഭിന്നശേഷിക്കാരുടെ പരിചരണം, അതിജീവനം എന്നിവയ്ക്കുള്ള നൂതന മാർഗങ്ങൾ.

19.9. പൊതു കായിക കേന്ദ്രങ്ങൾ ഒരുക്കൽ.

19.10. സാംസ്കാരിക വികസനത്തിനുള്ള പൊതു സംവിധാനങ്ങൾ ഒരുക്കൽ.

19.11. രോഗാതുരത കുറയ്ക്കുന്നതിനുള്ള സാമൂഹിക ആരോഗ്യ പരിപാടികൾ.

**20. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും, പിന്നാക്ക വിഭാഗങ്ങളുടെയും—ആദിവാസി, ദളിത്, മത്സ്യ തൊഴിലാളി വിഭാഗങ്ങൾ ഉൾപ്പെടെ—പ്രശ്നങ്ങൾ (Problems of the Marginalised and Backward Community—including dalit, adivasi and fishworkers)**

20.1. പാർശ്വവത്കൃത സമൂഹത്തിനു അനുഗുണമായ സാമൂഹിക വിദ്യാഭ്യാസ മാതൃകകൾ വികസിപ്പിക്കൽ.

20.2. ആദിവാസി ജനവിഭാഗങ്ങളെ ബാധിക്കുന്ന ജനിതക രോഗങ്ങളെ അഭിസംബോധന ചെയ്യൽ (സിക്കിൾ സെൽ അനീമിയ).

20.3. പോഷകാഹാര പ്രശ്നങ്ങളെ നേരിടൽ.

20.4. ഉന്നതവിദ്യാഭ്യാസ പങ്കാളിത്തം ഉയർത്തൽ.

20.5. പാർശ്വവത്കൃത വിഭാഗങ്ങളുടെ വൈവിധ്യവത്കരണം സാധ്യമാക്കുക.

20.6. തനതു ശേഷികൾ കണ്ടെത്തി അവയെ അതിജീവനമായ ഉപജീവന മാർഗ്ഗങ്ങൾ വികസിപ്പിക്കൽ.

20.7. ആരോഗ്യ മോണിറ്ററിംഗിനുള്ള ആധുനിക സങ്കേതങ്ങൾ വികസിപ്പിക്കൽ.

20.8. സാമൂഹികാധിഷ്ഠിത പാർപ്പിട മാതൃകകൾ വികസിപ്പിക്കൽ.

20.9. ആദിവാസി മേഖലയിലെ ഗതാഗത സംവിധാനങ്ങളുടെ ഗുണനിലവാരം ഉയർത്തൽ.

20.10. ശുദ്ധജല ലഭ്യത ഉയർത്തൽ.

20.11. തനതു ഉൽപ്പന്നങ്ങളെ ആധുനിക വിപണിയിലേക്ക് എത്തിക്കുക, ആധുനിക വിപണി സങ്കേതങ്ങൾ ഉപയോഗിക്കുക.

20.12. തനതു ഉൽപ്പന്ന സംസ്കരണത്തിനും പാക്കിംഗിനും ആധുനിക സങ്കേതങ്ങൾ ലഭ്യമാക്കുക.

20.13. അതാതു മേഖലയ്ക്കനുസൃതമായ ടോയ്‌ലറ്റ് സാങ്കേതികവിദ്യകൾ വികസിപ്പിക്കൽ.

20.14. ദളിത് കോളനി ആസൂത്രണത്തിന് നവീന മാതൃകകൾ വികസിപ്പിക്കൽ.

20.15. അതാതു മേഖലകളിൽ സാമൂഹിക പഠന സംവിധാനങ്ങൾ ഒരുക്കൽ.

20.16. തൊഴിൽ വൈവിധ്യവത്കരണം സാധ്യമാക്കൽ.

20.17. ഉന്നതവിദ്യാഭ്യാസ പങ്കാളിത്തം ഉയർത്തൽ.

20.18. യുവതി യുവാക്കളുടെ നൈപുണി വികസനത്തിന് പുതിയ മാതൃകകൾ വികസിപ്പിക്കൽ.

20.19. തൊഴിൽ കൂട്ടായ്മകൾ ആധുനിക സാങ്കേതിക പിന്തുണയോടെ വികസിപ്പിക്കൽ.

20.20. ആധുനിക പാർപ്പിട മാതൃകകൾ വികസിപ്പിക്കൽ.

20.21. തനതു സംസ്കാര രൂപങ്ങളുടെ ആധുനികവത്കരണം.

20.22. ഗാർഹികതല മത്സ്യ വളർത്തലിനും മത്സ്യസംരംഭക വികസനത്തിനുമുള്ള സാങ്കേതിക

വിദ്യകൾ ലഭ്യമാക്കൽ.

20.23. തീരദേശ-നദീതട മേഖലകളിലെ ടോയ്‌ലറ്റ് ആസൂത്രണം.

**21. സഹായ-സാങ്കേതിക വിദ്യകളും ധരിക്കാവുന്ന ഉപകരണങ്ങളും (Assistive Technology & Wearables)**

21.1 സഹായ-സാങ്കേതിക ഉപകരണങ്ങൾ (assistive devices) - കാഴ്ച, കേൾവി സംഭാഷണം (vision, hearing, speech communication)

21.2 പഠനത്തിനും ഗ്രഹണത്തിനുമുള്ള ഉപകരണങ്ങൾ (devices for learning and cognition)

21.3 ചലനാത്മകതയ്ക്കു സഹായിക്കുന്ന ഉപകരണങ്ങൾ (devices for supporting mobility)

21.4 ദൈനംദിന ജീവിതത്തിനുള്ള ഉപകരണങ്ങൾ (devices for daily living)

21.5 പരിസ്ഥിതി അനുരൂപീകരണം (environmental adaptation)

21.6 വാഹന പരിഷ്കരണവും പൊരുത്തപ്പെടുത്തലും (vehicle modification and adaptation)

21.7 കമ്പ്യൂട്ടറുകളും പ്രത്യേക സോഫ്റ്റ്‌വെയറുകളും (computers and specialized softwares)

**22. പാരമ്പര്യ ബദൽ വൈദ്യ ശാസ്ത്രം – ആയുഷ് (Complementary and alternative medicine – AYUSH)**

22.1 അനുഭവസിദ്ധമായ/പ്രയോഗസിദ്ധമായ (empirical) അറിവുകളുടെ ഉപയോഗം - വൈദ്യശാസ്ത്ര വിലയിരുത്തലും ഉറപ്പ് വരുത്തലും നടത്തിയ ശേഷം (after clinical validation)

22.2 നാട്ടുമരുന്നുകളുടെ ഉപയോഗം - വൈദ്യശാസ്ത്ര വിലയിരുത്തലും ഉറപ്പ് വരുത്തലും നടത്തിയ ശേഷം (after clinical validation)

22.3 ഒറ്റമൂലികളുടെ സാദ്ധ്യത - വൈദ്യശാസ്ത്ര വിലയിരുത്തലും ഉറപ്പ് വരുത്തലും നടത്തിയ ശേഷം (after clinical validation)

22.4 ആരോഗ്യത്തിനും ശാരീരികസ്വാസ്ഥ്യത്തിനും വേണ്ടിയുള്ള മാനസിക-ശാരീരിക സംയോജിത പ്രവർത്തനം (mind-body intervention for health and fitness) - വൈദ്യശാസ്ത്ര വിലയിരുത്തലും ഉറപ്പ് വരുത്തലും നടത്തിയ ശേഷം (after clinical validation)

22.5 ശാരീരികസ്വാസ്ഥ്യത്തിനുള്ള (fitness) നാട്ടറിവുകൾ - വൈദ്യശാസ്ത്ര വിലയിരുത്തലും ഉറപ്പ് വരുത്തലും നടത്തിയ ശേഷം (after clinical validation)

22.6 പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ - വൈദ്യശാസ്ത്ര വിലയിരുത്തലും ഉറപ്പ് വരുത്തലും നടത്തിയ ശേഷം (after clinical validation)

**23. ജെൻഡർ**

23.1 ലിംഗനീതി (Gender justice)

23.2 ലിംഗസമത്വം (Gender equity)

23.3 ട്രാൻസ്ജെൻഡർ ഉൾപ്പെടുത്തൽ (Transgender inclusion)

23.4 ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ പ്രശ്നങ്ങൾ (Health issues of Transgender persons)

23.5 ഇന്റർ സെക്സ് വ്യക്തികളുടെ ആരോഗ്യ പ്രശ്നങ്ങൾ (Health issues of Intersex persons)

23.6 പ്രത്യുൽപാദന ആരോഗ്യം (Reproductive health)

23.7 സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത വർദ്ധന

23.8 നൂതനാശയ നിർമ്മിതിയിൽ സ്ത്രീ പങ്കാളിത്തം (Women in Innovation)

23.9 സ്ത്രീ ശാക്തീകരണം (Women Empowerment)

23.10 സ്ത്രീ സംരംഭകത്വ വർധിപ്പിക്കൽ (Enhancement of women entrepreneurship)

**24. ഡിജിറ്റൽ, ക്രിയേറ്റീവ് ആർട്ട് ഫോമുകൾ, AR/VR & ഗെയിം ഡിസൈൻ (Digital Creative art forms, AR/VR, Game design)**

24.1 സംവേദനാത്മക ഉള്ളടക്കങ്ങളും പഠന മൊഡ്യൂളുകളും (Interactive contents and learning

modules)

24.2 ഡിജിറ്റൽ സേവനങ്ങളിലേക്കും സിസ്റ്റങ്ങളിലേക്കും മെച്ചപ്പെട്ട പ്രവേശനവും വിതരണവും പ്രാപ്യതയും (Improved access to and delivery of digital services and systems)

24.3 മെച്ചപ്പെട്ട പഠനരീതി രൂപീകരിക്കൽ (Development of better learning methodologies)

24.4 കൂട്ടായ കലാസൃഷ്ടി പ്രവർത്തനം (Collaborative art creation)

**25. ഡാറ്റാ സയൻസും ഭാവി സാങ്കേതികവിദ്യകളും (Data Science and Future technologies)**

25.1 യന്ത്രവൽകൃത ഗതാഗതം (Automated Transportation)

25.2 ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തൽ (Enhanced Healthcare Services)

25.3 ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ വ്യക്തിഗതവത്ക്കരണം (Personalization of Digital Media Platforms)

25.4 സാമ്പത്തിക സേവനങ്ങളുടെ വിശകലനം (Analysis of Financial Services)

25.5 ഉപഭോക്തൃ വസ്തുക്കളുടെ സ്കേലബിലിറ്റിയും ഉൽപ്പന്ന വികസനവും (Scalability and Product Development Of Consumer Goods)

25.6 AI-അധിഷ്ഠിത പരിസ്ഥിതി സംരക്ഷണം (AI-Powered Environmental Protection)

25.7 ഡിജിറ്റൈസ്ഡ് പേഴ്സണൽ അല്ലെങ്കിൽ വർക്ക് അസിസ്റ്റന്റ് (Digitized Personal or Work Assistant)

25.8 ഉപഭോക്തൃ പിന്തുണ ഉത്തമീകരണം (Optimizing Customer Support)

25.9 സൈബർ സുരക്ഷ (Cybersecurity)

25.10 ജീവശാസ്ത്രം (Life sciences)

25.11 നാനോസയൻസും നാനോടെക്നോളജിയും (Nanoscience and nanotechnology)

**26. പോസ്റ്റ്-പാൻഡെമിക് ഇന്നൊവേഷനുകളും എപ്പിഡെമിക് മാനേജ്മെന്റും (Post-pandemic innovations and Epidemic management)**

26.1 ജന്തുജന്യമായ രോഗങ്ങൾ (Zoonotic diseases)

26.2 വൺഹെൽത്ത് എന്ന ആശയം (Concept of one health)

**27. ബയോടെക്നോളജി, മോളിക്യുലർ ബയോളജി, ജനിതകശാസ്ത്രം (Biotechnology, Molecular biology and Genetics)**

27.1 ഭക്ഷ്യ സംസ്കരണത്തിലെ പ്രയോഗവത്ക്കരണം (Applications in food processing)

27.2 ഉപാപചയ പ്രക്രിയയിലൂടെ പരിസ്ഥിതി മലിനീകരണം നീക്കം ചെയ്യുന്നതിനോ നിർവീര്യമാക്കുന്നതിനോ ജൈവജാലങ്ങളെ ഉപയോഗിക്കൽ (Bioremediation)

27.3 സസ്യശാസ്ത്രത്തിലെ പ്രയോഗവത്ക്കരണം (Applications in plant sciences)

27.4 ജന്തുശാസ്ത്രത്തിലെ പ്രയോഗവത്ക്കരണം (Applications in animal sciences)